
OLANGAM

# ഓലങ്കം







നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ
(2019-21)
ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുകയാണ്
കുട്ടികളുടെ എല്ലാ തരത്തിലുള്ള സൃഷ്ടികളും
ഉൾപ്പെടുത്തിയിട്ടുണ്ട്
എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

N LASITHA
HEADMISTRESS



A humble attempt from our team
which we hope to help flourish creativity in a more challenging
digital arena.

STUDENT EDITOR
DEVANANDANA
IX D



# LITTLE KITES TEAM

# OLANGAM
# A
# TWO IN ONE
# MAGAZINE

Please cherish the feel of **LISTENING** by scanning the **QR code**

# പരിസ്ഥിതി

## വൻകുളത്ത് വയലിലെ വൻകുളം സംരക്ഷിക്കാൻ മുന്നിട്ടിറങ്ങുക

## Contents

**കവിതകൾ........8**
- മരവിചാരം........9
- ദുഃഖത്ത ിന്റെ മാധുര്യം........10
- പുഴയുടെ മരണം........12
- കേൾക്കൂ കോകിലേ ചൊല്ലൂ നീ........13
- വെള്ളച്ചാട്ടം........14
- प्यारी माँ........15
- ಪರಿಸರ ಸಂರಕ್ಷಣೆ........16

**കഥകൾ........18**
- ദീനശയ്യയിലെ അതിഥി........19
- യാത്രയായി........21
- അപ്പുമോന്റെ പാവക്കുട്ടി........23
- അമ്മ കാത്തിരിക്കുന്നു........25
- ഒരു വേനൽക്കാലത്ത്........27

**ലേഖനങ്ങൾ........28**
- വാർദ്ധക്യം........29
- ആഗോളതാപനം........30
- സൈബർ വലകളും സ്ത്രീകളും........32
- മൊബൈൽ ഫോൺ ഉപയോഗവും ദുരുപയോഗവും........33
- മരട് ഫ്ലാറ്റ്........34
- വിഷരഹിത പച്ചക്കറി........35
- കേരളം അതിജീവനത്തിന്റെ പാതയിൽ........36

**വായന........38**
- ബാര്ലി........39
- Folk-tales from around the world........40
- പപ്പു മനുഷ്യ സ്നേഹത്തിൻറെ ഉദാത്ത ഭാവം........41

**ശാസ്ത്രം........43**
- ആരോഗ്യപരവും മികച്ചതുമായ പരിസ്ഥിതിക്കായുള്ള എണ്ണസംരക്ഷണം........44

**ഐ. ടി........46**
- It carries a world of opportunity........47

**സാംസ്കാരികം........48**
- ഞാൻ അറിയുന്ന ഗാന്ധി........49

**അനുഭവക്കുറിപ്പ്........50**
- ഓർമ്മച്ചെപ്പ്........51
- ഡ്രൈവിംഗ് ലൈസൻസ്........52
- ഒരു സങ്കീർത്തനം പോലെ........54

**പൊതുവിജ്ഞാനം........55**
- GENERAL KNOLEDGE........56
- പൂജ്യം........58

**ചിത്രവീഥി........59**

# കവിതകൾ

# മരവിചാരം



രാജേഷ് വാര്യർ പൂമംഗലം

നഗര തീരത്തിലോങ്ങുമരത്തിലെ
കുടിലു തേടി പറക്കുന്ന പക്ഷികൾ
കൊടിയ വേനലിൽ ചേക്കേറുവാനിനി
ക്കനിവു കാട്ടുന്ന തണലുകളില്ലയോ

ഹരിത വർണ്ണ ചിറക് വിടർത്തുവാൻ
ശിഖരമൊന്നുമേ ബാക്കിവെച്ചില്ലയോ
മരണമിങ്ങനെയാണു മരങ്ങൾക്ക്
മനുജരോരോ വിചാരങ്ങൾ തീർക്കുകിൽ

കനിവുമണ്ണിൽക്കിളിർത്തു വിടരുന്ന
തരുനികരങ്ങൾ കൊത്തിയരിയുകിൽ
പിറവി നിന്നുപോം നിന്റെ കിടാങ്ങൾക്ക്
മനുജ, സൃഷ്ടിതൻ ബീജങ്ങൾ കെട്ടുപോം

ഇനി വരുന്നവരിത്തിരിനേരമി-
ത്തറയിൽ വിശ്രമം ചെയ്യട്ടെ കൂട്ടമായ്
ഉരുകി നീറുന്നയുച്ചവെയിലുകൾ
നിഴലു കണ്ടങ്ങു മാറി നിന്നീടട്ടെ

ചെറു പതംഗങ്ങൾ പച്ച മരത്തിന്റെ
യുച്ചിയിൽ ചില ചിത്രം വരയ്ക്കട്ടെ
നരപതഞ്ഞു പുകയും വെയിലത്തു
തണല് തണലെന്ന് കാക്ക കരയട്ടെ

നഗരമെന്നത് കെട്ടിടമല്ലെന്ന്
ചെറിയ കുട്ടികൾ പാട്ടുപാടീടട്ടെ
നഗരമെന്നത് റോഡുകളല്ലെന്ന്
മരമുകളിൽ നിന്നണ്ണാൻ ചിലയ്ക്കട്ടെ
വരിക കൂട്ടരേ നഗരമോഹങ്ങളിൽ
വരിവരിയായി നടുക മരങ്ങൾ നാം

## ദുഃഖത്തിന്റെ മാധുര്യം

VEENA

IX G

കരഞ്ഞു കണ്ണീരു വറ്റി ക്ഷീണിതമായെന്റെ
മിഴിയിണകൾ തിരയുന്ന അമ്മതൻ തലോടൽ
അനുജത്തിയോടു കലഹിച്ചതിനോ, അച്ഛനെന്നെ
തല്ലിയത്, ആയിരം ചോദ്യങ്ങളാണെന്റെയുള്ളിൽ
വിങ്ങി നീറുകയാണെന്റെ ഉള്ളം നീരുവന്നു
വീർത്തിരിക്കുകയാണ് എന്റെ മിഴികൾ
കയ്യിലെ മുറിവും എന്തിനാണെന്ന ചോദ്യമുയർത്തുന്നു
അച്ഛനോട് പിണങ്ങിയെങ്കിലും ആവില്ലെനിക്ക്
പിണക്കം നടിക്കാൻ അമ്മയോടില്ല വഴക്കെ-
ങ്കിലും ആവതില്ല വഴക്കിടാതിരിക്കാൻ
കൊച്ചു കൊച്ചു കാരണങ്ങളാണിതെല്ലാം
എങ്കിലും മനസ്സിൽ വിദ്വേഷത്തിൻ
വിത്തുകൾ പാകാൻ മതി ഇവയൊക്കെ
അച്ഛനും, അമ്മയും വഴക്കിടുന്ന നേരത്ത്
കരയാറുണ്ട് എന്റെ മിഴികൾ
എന്നിട്ടുമെന്തേ, എന്റെ മിഴിനീരിൽ
ആർക്കും ദുഃഖമില്ല?
എല്ലാം ബാല്യത്തിൻ ഓർമ്മകൾ മാത്രം
ഇന്നിതെല്ലാം ഓർക്കാൻ തുടങ്ങുന്ന
നേരം വെറും കുസൃതികൾ മാത്രം
കണ്ണീരിൽ കുതിർന്ന ദിനങ്ങൾ ഓർക്കുമ്പോൾ
ഇന്നെനിക്ക് മധുരിതമാം നിമിഷങ്ങൾ
അറിയുന്നു ഞാൻ ബാല്യത്തിൻ സ്മരണകൾ
തൻ മാധുര്യം ഈ നിമിഷം
കാരണങ്ങൾ ഇല്ലാത്ത കലഹങ്ങളും
ശരീരത്തിലേറ്റ മുറിവുകളും മിഴി വറ്റിയ നിമിഷങ്ങളും
ഓർത്തു ചിരിക്കാൻ വിധി നൽകിയ
ഓർമ്മകൾ മാത്രം, നഷ്ട ബാല്യത്തിൻ
ഓർമ്മകൾ മാത്രം ബാല്യത്തിൻ
മനസ്സിനേറ്റ മുറിവുകൾ എത്ര നിസാ-

രമെന്ന തോന്നുന്ന എനിക്കിപ്പോൾ

അതിലേറ്റ മുറിവുകൾ ഇന്ന് എന്റെ

മനസ്സിലേറെ ഉണങ്ങാതെ കിടപ്പുണ്ട്

കൊച്ചു ദുഃഖങ്ങളിൽ നിന്നടലെടുത്ത

ആ മുറിവുകൾ എത്രയോ ആനന്ദം

ഉണങ്ങാതെ കിടക്കുന്ന ഈ മുറിവുകളും

ഉണങ്ങാം ഇനിയുണ്ടാവേണ്ട ആ

യൗവന വസന്തത്തിൽ

കൊച്ചു ദുഃഖങ്ങളിൽ ആവശ്യത്തിലേറെ

കരഞ്ഞ മിഴികൾ, ഇന്നും കാത്തിരി-

പ്പാണ് കണ്ണീരിന്റെ ഉപ്പുരുചിക്കായ്

# പുഴയുടെ മരണം



ജെനിഷ ജയേഷ്
IX H

എന്ത് നിന്റെ തിരകളാകുന്ന
കരങ്ങൾ അറ്റു പോയെന്നോ?
എന്ത് നിൻറെ ഒഴുക്കിന്റെ
ഊക്ക് നിലച്ചെന്നോ?
സൗന്ദര്യം നഷ്ടമായൊരു പെൺകൊടിയേ?
വറ്റി വരണ്ടുണങ്ങിയ നിന്റെ
ശരീരമെന്റെ കണ്ണുകളിൽ
പ്രളയം സൃഷ്ടിക്കുന്നു
നിലച്ച നിന്റെ സംഗീതം
നിലവിളികളായ് ഉയരുന്നുവോ?
ആരു വരച്ചു നിന്റെ മേൽ
ഇത്രയും രൂപങ്ങൾ
കാണാം അവിടവിടെയായി
രക്തം കട്ട പിടിച്ച പോൽ
ചെളി വെള്ളവും
അസ്ഥികൂടങ്ങളും ഇനിയും
മരിച്ചിടാത്ത ശവങ്ങളും
നിന്നെ ശവപ്പറമ്പാക്കിയിരിക്കുന്നു
മരിക്കാത്ത നിന്റെ ഓർമ്മകൾ
ഞാനോർക്കുന്നു ഇന്നും
ഇനി എപ്പോഴും

# കേൾക്കൂ കോകിലേ ചൊല്ലൂ നീ

സ്വർഗ്ഗരാജ്യ കോകിലേ നിൻ ശബ്ദ മഹിമയിൽ
നീ പുളകമണിയുന്നുവോ?
നിൻ മധുര സ്വരഗാനത്തിൽ
എൻ മനമിതാ ഒഴുകുന്ന താലോലം
ലോക മഹിമയിതാ നിന്നിൽ തുളുമ്പുന്നുവോ
വൈരപ്പൊടി ചിതറിയ ആകാശത്തിൻ
മടിത്തട്ടിൽ കിടന്നു താലോലം മന്ദ-
സ്മിതം തൂകുന്ന വെൺ താരകമാണു നീ
മാരിവില്ലിനെ പോലെ ചേലെഴുന്ന
സപ്തവർണ്ണാഭമായ ദൃശ്യം പോലെ-
യുള്ള നിൻ ഗാന കല്ലോലങ്ങളിൽ
എൻമനമിതാ കുളിരുന്നു
നന്മതൻ ഗായികേ ചൊല്ലു നീ
ആരാണ് നിൻറെ ശിക്ഷ്യകൻ?
ആർക്കുവേണ്ടി നീ തേനൊലി-
യുന്ന ഗാനപങ്കങ്ങൾ രചിക്കുന്നുവോ?
പ്രകൃതി തൻ മാറിൽ ചായു -
റങ്ങുമ്പോഴും പ്രകൃതി-
യോടു കനിവുള്ളോളേ
നിൻ സ്വര പങ്കജത്തിന്റെ
മാധുര്യം എന്നെ
കവർന്നെടുക്കുന്നുവോ?

ലാവണ്യ പി
Viii b

# വെള്ളച്ചാട്ടം

ഉള്ളറകളിൽ നിന്നും
ഉറഞ്ഞ്, വഴിഞ്ഞ്
നിറഞ്ഞൊഴുകി
തട്ടിത്തട്ടിച്ചിതറിത്തെറിച്ച
നിന്റെ സ്വപ്നങ്ങൾക്ക് മുന്നിൽ
ഞങ്ങൾ സെൽഫിയെടുക്കട്ടെ
കരിമ്പാറക്കൂട്ടങ്ങളിൽ
തലതല്ലിത്തെറിച്ച്
ഒരു തുള്ളിയായി എന്റെ കണ്ണിൽ
വീണു മരിക്കുക
പൊഴിക്കാം ഞാൻ
കണ്ണീർ നിനക്കായി



ARCHANA V P
X A

# प्यारी मॉ

प्यार की रानी है हमारी मां
बचों को करता है प्यार
ध्यान जो करता है बच्चे को वह
अच्छी चीज से सिखाते हैं.

होशियार बनाने के लिए
 मेहनत करते हैं
सारे बच्चे सारे दिन मां को बहुमान करना है.

जब किसी मुसीबत में फंसे
मां हमें सिखाते हैं
मां को देने इतना प्यार की
खुशी से वह नाचते है

JITHUL K
VII C

# ಪರಿಸರ ಸಂರಕ್ಷಣೆ



Fathima Saniya
IX C

ಪ್ರಕೃತಿಯೆಂಬ ಮೂರಕ್ಷರ ಗಳಿಂದ
ಸರ್ವವವನ್ನೊಳಗೊಂಡ ಪುಸ್ತಕ
ಮನಸ್ಸಿನ ಅಂತರಂಗಾಳದಲ್ಲಿಱುವ
ದೇವರ ಅಧ್ಬುತ ಉಡುಗೊರೆ

ಪ್ರತಿಯೊಬ್ಬರ ಜೀವನದ ನೆರಳು
ಭೂಮಿ ಮಾತೆಯ ಕರಳು
ಮನುಷ್ಯನಿಂದ ನಾಶವಾಗುತ್ತಿರುವ
ಜೀವನಾಡಿಯಾದ ಪ್ರಕೃತಿ

ಸ್ವಾರ್ಥಕ್ಕಾಗಿ ಗಿಡ ಮರಗಳನ್ನು ನಶಿಸಿ
ಕಟ್ಟಿದ ಕಾರ್ಖಾನೆಗಳನ್ನು ಬೆಳೆಸಿ
ಪ್ರಾಣಿ ಪಕ್ಷಿಗಳ  ಕಣ್ಣೀಱಾಗುತ್ತಿಱುವ
ಕ್ರೂರ ರಾಕ್ಷಸರಾದ ಮನುಷ್ಯ ಕುಲವು

ವಿಷಾನಿಲವನ್ನು ಶ್ವಸಿಸುತ್ತಿರುವ
ಹಚ್ಚ ಹಸುರಾದ ಭೂಮಿಯನ್ನೆಲ್ಲ
ಜಲವಿಲ್ಲದ ಬರಡು ಭೂಮಿಯನ್ನಾಗಿ
ಪರಿವರ್ತನೆ ಗೊಳಿಸಿದ ಮನುಷ್ಯ ಕುಲವೇ

ಕಣ್ಣೀರಿನಿಂದ ಕೈಗಳನ್ನು ತೊಳೆಯುವ
ಜನನಕ್ಕಾಗಿ ನೆಲಕ್ಕಾಗಿ ಪರದಾಡುತ್ತಿರುವ
ಅನಾರೋಗ್ಯದಿಂದ ಪಶ್ಚಾತ್ತಾಪ ಗಳಿಂದ
ನರಳುತ್ತಿರುವ ಮಾನವ ಕುಲವೇ

ನನ್ನೊಂದು ಭಾಗವಾದ ಮಣ್ಣುಂಟಾಗಲು
ಸಾವಿರಾರು ವರ್ಷಗಳು ಬೇಕಾಗಿದೆ
ಆದರೆ ಆ ಮಣ್ಣಿನ ಅಂತ್ಯವುಂಟಾಗಾಲು
ನಿಮಿಷಗಳ ಅವಶ್ಯಕತೆಯಿಲ್ಲ

ಕಣ್ಣಿಲ್ಲದಿದ್ದರೆ ಮಾತ್ರ ಕಣ್ಣಿನ ಬೆಲೆ ಅಱೆಯುವೆವು
ಮಣ್ಣಿನ ದಿದ್ದರೆ ಮಾತ್ರ ಮಣ್ಣಿನ ಬೆಲೆ ಅರಿವೆವು
ಜಲ ಮಣ್ಣು ಮರ ಸರ್ವವನ್ನು ಸಂರಕ್ಷಿಸಿ
ದೇವರ ಅತ್ಯುನ್ನತವಾದ ಉಡುಗೊಱೆಯಾಗಿದೆ

ದೇವರ ಅತ್ಯಧ್ಬುತವಾದ ಸೃಷ್ಟಿ
ಋಣ ತೀರಿಸಲಾಗದ ದೃಷ್ಟಿ
ಹಚ್ಚಹಸಿರಿನಿಂದ ತುಂಬಿದ್ದ
ನಮ್ಮೆಲ್ಲರ ಆತ್ಮೀಯ ಸಂಗಾತಿ

ಮನುಷ್ಯ ನೇತಕೆ ಕ್ರೂರನಾಗುತ್ತಿದ್ದಾನೆ
ಪ್ರಕೃತಿಯಿಂದ ಉಂಟಾದ ಕೇಡೇನು
ಸುಖ ಸೌಖ್ಯದ ಆಡಂಬರದ ಜೀವನವೇ
ಮನುಷ್ಯನ ನಾಶದ ಹಾದಿ

ನನ್ನ ನಾಶದಿಂದ ಉಂಟಾದ ಬದಲಾವಣೆಗೆ
ನಾನೆಂದೂ ಹೊಣೆಯಲ್ಲ

ನಿನ್ನ ಅತಿಯಾಸೆಯಿಂದ ನನ್ನ ನಾಶ
ನಿಮಿಷ ವೇಗದಿಂದ ನಿನ್ನ ನಾಶ

ಮಾನವರೇ ನನ್ನ ಕಣ್ಣೀರನ್ನು ಪರಿಗಣಿಸಿ
ಇಲ್ಲದಿದ್ದರೆ ತಮ್ಮ ಕಣ್ಣೀರನ್ನು ಸುರಿಸುವಿರಿ
ಅತಿಯಾದ  ದುರ್ಬುದ್ದಿಯನ್ನು ಹೊರದಬ್ಬಿ
ಮಿತಿಯಾದ ಬುದ್ಧಿಯಿಂದ ಒಳಿತು ಚಿಂತಿಸಿ

ಮುಂದಿನ ಪೀಳಿಗೆಗೆ ನನ್ನನ್ನುಳಿಸಿ ಕುಟುಂಬವನ್ನು ಳಿಸುವ ಹಾಗೆ
ಮುಂದಾಲೋಚನೆ ಯನ್ನು ವಹಿಸಿ ಸರ್ವ ಕರ್ಮಗಳಲ್ಲಿಯೂ
ಸ್ವತಹ ನಷ್ಟವನ್ನ ನುಭವಿಸಬೇಡಿ ಮನುಕುಲವೇ
ಅರಿವಿರುವವರು ಏತಕೆ ಹೇಡಿಗಳಾಗುವಿರಿ

# കഥകൾ

# ദീനശയ്യയിലെ അതിഥി

അന്ന് ഒരു ഞായറാഴ്ചയായിരുന്നു കിടക്കയിൽ നിന്ന് എഴുന്നേൽക്കാൻ കഴിയാതെ നിൽക്കുന്ന വൃദ്ധന്റെ തേങ്ങൽ. ദാഹത്തിന് വെള്ളം കുടിക്കാൻ എഴുന്നേൽക്കാൻ ശ്രമിക്കുന്ന വൃദ്ധന്റെ കൈ ഒന്ന് തെന്നി. ഭാഗ്യം അദ്ദേഹം വീണില്ല. അദ്ദേഹത്തിൻറെ കൈകളിൽ ആരോ സ്പർശിച്ചു. ഏതോ വീഥിയിൽ നിന്ന് മാറി വന്നയാളെ പോലെ ദൈവം തന്നയച്ചയാൾ. അവരുടെ മക്കളും മരുമക്കളും കല്യാണത്തിന് പോയതാണ് . കല്യാണം മറ്റൊരാളുടേതുമല്ല തന്റെ മകളുടേതാണ്. കല്യാണം ഗുരുവായൂരിൽ വെച്ചാണ് . ഇന്നലെ രാത്രിയേ പോയതാണ് . തനിക്ക് എഴുന്നേറ്റ് നടക്കാൻ കഴിയില്ല എന്ന ഒരൊറ്റക്കാരണം കൊണ്ട് വീട്ടിൽ തനിച്ചാക്കി അവർ പോയി. മകളുടെ കല്യാണം കൂടാൻ കഴിയാതെ അവർ വിങ്ങിപ്പൊട്ടുന്നു. തന്റെ ഭാര്യ ഇവിടെ ഉണ്ടായിരുന്നെങ്കിൽ തന്നെ തീർച്ചയായും എങ്ങനെയെങ്കിലും മക്കളെ കൊണ്ട് സമ്മതിപ്പിച്ച് തന്നേയും കൂട്ടി പോകുമായിരുന്നു എന്ന് അദ്ദേഹം ചിന്തിച്ചു. എന്നാൽ തന്റെ ഭാര്യ മരിച്ച് ഒരു കൊല്ലം പൂർത്തിയായിരിക്കുന്നു. തന്റെ ചിന്തയ്ക്ക് ഒരു പുതുമയും ഇല്ല. വീട്ടിൽ ഒറ്റയ്ക്കാണ് എന്ന് അറിഞ്ഞ് ദൈവം തനിക്ക് തന്നയച്ച അഥിതി ആരെന്നറിയാതെ അയാൾ ചോദിച്ചു. 'ആരാ അനക്ക് മനസ്സിലായില്ലല്ലോ?' അഥിതി പറഞ്ഞു. ചിന്തിക്കു ചിന്തിക്കു വൃദ്ധൻ ചിന്തിച്ചു കൊണ്ടിരിക്കെ ആ വൃദ്ധന്റെ മുൻപിൽ നിന്നും അദ്ദേഹം പോയിക്കഴിഞ്ഞു. അവൾ എവിടെ പോയെന്ന് നോക്കാൻ  വീൽചെയറിൽ കൈ വച്ച് എങ്ങനെയൊക്കെയോ പിടിച്ചിരിക്കാൻ ശ്രമിച്ചു. അവർ വീൽചെയറിലിരുന്ന് മുന്നോട്ട് പോയി. അവിടെ ആരെയും കാണുന്നില്ല.തിരിച്ച് അകത്ത് ചെന്നപ്പോഴേക്കും അവൾ ഒരു ഗ്ലാസ് വെള്ളവുമായി കാത്തുനിൽക്കുന്നു. അതിഥിയവർക്ക്  വെള്ളം കൊടുത്ത് ആ വൃദ്ധൻ മരുന്ന് കുടിച്ചോ എന്നന്വേഷിച്ചു. എന്റെ മരുന്നൊക്കെ എടുത്ത്തരാനുള്ളവരൊക്കെ കല്യാണത്തിന് പോയിരിക്കുന്നു എന്ന് മറുപടി നൽകി. അത് അലമാരയുടെ മുകളിലാണ് . അതിനാലാണ് ആ വൃദ്ധന് എടുക്കാൻ കഴിയാതിരുന്നത് . പിന്നീട് അദ്ദേഹം ചോദിച്ചു "നിങ്ങൾ ആരാണെന്ന് ചിന്തിച്ചിട്ടു തല പെരുക്കുന്നു എനിയെങ്കിലും നിങ്ങൾ ആരാണെന്ന് പറയൂ". "ഞാൻ നിങ്ങളെ പരിചരിക്കാൻ വന്നതാണ് എന്ന് അവൾ പറയുന്നു. “നിങ്ങളെവിടുന്നാ? “ വൃദ്ധൻ ചോദിച്ചു. "ഞാൻ അങ്ങ് ദൂരേന്നാ. മക്കളൊന്നും പറഞ്ഞില്ലേ അവൾ പറഞ്ഞു. "ഇല്ല" വൃദ്ധൻ പറഞ്ഞു. "എന്നാലിരിക്ക് ഞാനിവിടെ തനിച്ചിരുന്നിട്ട് മടുത്തു”. എന്ന് വൃദ്ധൻ പറഞ്ഞു. "തീർച്ചയായും ഇനി ഞാൻ അങ്ങോട്ട് എന്റെ സ്വന്തം അച്ഛനാണെന്ന് കരുതി ഉണ്ടാകും. ഇനി നമുക്കിടയിൽ ഒരു മതിലുകളോ, ജനലുകളോ ഇല്ല”. എന്ന മറുപടി ആ വൃദ്ധനു നൽകി. വൃദ്ധന്റെ കണ്ണിൽ നിന്നും ഒരിറ്റു വെള്ളം വീണു. അത് ആനന്ദാശ്രുവായിരുന്നു. എന്റെ മക്കൾക്ക് ഞാൻ ഒരു ഭാരമായിട്ടുണ്ടാവാം. അതിനാലാണ് മക്കൾ നിന്നെ ഇവിടെ അയച്ചത്. ഞാൻ ഇപ്പോൾ വീണെങ്കിൽ ആരും ഉണ്ടാകില്ല എന്നെ എഴുന്നേൽപ്പിക്കാൻ വൃദ്ധൻ പറഞ്ഞു. ഞാൻ ഒന്ന് അച്ഛാ എന്ന് വിളിക്കട്ടെ വീണ്ടും കണ്ണിൽ നിന്നും ഒരിറ്റു കണ്ണുനീർ .എന്തിനാ മകള നീ ഇതൊക്കെ എന്നോട് ചോദിക്കുന്നത് നീ തീർച്ചയായും വിളിച്ചോളൂ വൃദ്ധൻ പറഞ്ഞു. എന്നാൽ അങ്ങകലെനിന്ന് ഒരു ബാഗുമായി ഒരാൾ നടന്നു വരുന്നത് അയാൾ കണ്ടു. അയാൾ ഒന്നു തുറിച്ചുനോക്കി. ആരാ അത് വൃദ്ധൻ ചോദിച്ചു ഇത് ഞാനാ മക്കൾ ഒന്നും പറഞ്ഞില്ലേ? വന്നയാൾ പറഞ്ഞു ആരാ മനസ്സിലായില്ലല്ലോ? ഞാൻ നിങ്ങളെ നോക്കാൻ വന്നതാ. എന്ത് ? നോക്കാൻ വന്നതോ അപ്പോൾ

ഇതാരാ? അയാൾ പിറകോട്ട് നോക്കി. അവിടെ ആരെയും കാണുന്നില്ല ഏത് അവർ ചോദിച്ചു? അയാൾ ഒന്ന് പരുങ്ങി പോയി. അകത്തേക്ക് വാ എന്ന് വൃദ്ധൻ പറഞ്ഞു . പെട്ടെന്ന് വൃദ്ധന് ശ്വാസം മുട്ടൽ വന്നു. അവർ എന്താ എന്ന് ചോദിച്ചു അപ്പോഴേക്കും അദ്ദേഹം മരിച്ചു. ഒരു പെട്ടെന്നുള്ള മരണം. അപ്പോൾ അവർ മക്കളെ വിളിച്ചു പറഞ്ഞു. കല്യാണം കഴിഞ്ഞു ഭാഗ്യം അവർ പെട്ടെന്ന് തിരിച്ചു വരാൻ തയ്യാറെടുപ്പുകൾ നടത്തി. ആ വന്നത് ചിലപ്പോൾ അദ്ദേഹത്തെ കൊണ്ടുപോകാൻ വന്നയാളാവാം. അതായിരിക്കാം ഇനി എപ്പോഴും അദ്ദേഹത്തിൻറെ കൂടെ ഉണ്ടാകും എന്ന് ആ അതിഥി പറഞ്ഞത്. അവരുടെ ജീവിതത്തിലെ അവസാനത്തെ അതിഥി. ദൈവം.



ARUNIMA T
X I

## യാത്രയായി

" ഛീ നിർത്തെടാ...."

അച്ഛൻ അലറി. മനസ്സ് തകർന്ന് പോലെ, ഭൂമി കല്യങ്ങിയ പോലെ അമ്മയ്ക്ക് അനുഭവപ്പെട്ടു.

"സാരമില്ല സുകുവേട്ടാ ഇതൊക്കെ നമ്മുടെവിധി പത്തുമാസം വയറ്റിൽ ചുമന്ന് പാലൂട്ടി തലവെച്ച് ഉറുമ്പരിക്കും മുകളിൽ വച്ചാൽ പേനരിക്കും എന്ന് കരുതി അവനെ പൊന്നുപോലെ നോക്കി അതിനുള്ള സമ്മാനമാ ഇത്'" ആനന്ദ് പുറകെ നിലം ചവിട്ടി വീടിൻറെ പടിയിറങ്ങി പിറകോട്ട് തിരിഞ്ഞു "വാസന്തി നീ സാധനം എടുത്ത് വേഗം ഇറങ്ങ് ഇല്ലേൽ നമ്മുടെ കൊച്ചിനെ കിളവൻ അശുദ്ധമാക്കും"ആനന്ദ ശ്വാസം വിടുന്നതിനു മുമ്പ് വാസന്തി മറുപടി പറഞ്ഞു "ഇനി എന്തോന്ന് എടുക്കാൻ ഞാനിതാ എത്തി"അവളും പടിയിറങ്ങി. അവർ അകന്നു പോയി. അമ്മയുടെ മനസ്സിൽ തീപ്പൊരി പാറി. കണ്ണുനീരൊഴുകി."സാരില്ലാ.... കനകം നിനക്ക് ഞാനില്ലേ"അയാൾ അതും പറഞ്ഞു മുറിയിൽ കയറി കട്ടിലിൽ കിടന്നു.അയാൾ സ്വപ്നത്തിൽ ആണ്ടുപോയി ,കഴിഞ്ഞ കാലത്തിൻറെ സ്വപ്നം.

എനിക്കും കനകത്തിനും ഏഴ് വർഷം കഴിഞ്ഞ് ജനിച്ച ആൺതരി. തറവാട്ടിലെ ഏക പുത്രൻ.അവൻ ഏവർക്കും ആനന്ദമേകിയതുകൊണ്ട് അവനെ ഞാൻ "ആനന്ദ്'" എന്ന് പേരിട്ടു.അവന് വേണ്ടതെല്ലാം വാങ്ങി അവൻറെ ആവശ്യവും വാശിയും കേട്ട് പരിഹരിച്ച് വളർത്തി.അവൻ വളർന്നു. വളർന്ന് വളർന്ന് വല്യതായി. അവൻ ഇപ്പോ പ്ലസ് ടുവിൽ പഠിക്കുന്നു. ഒരു ബൈക്ക് വേണം എന്ന് അവൻ വാശി പിടിച്ചപ്പോൾ ഉള്ളതെല്ലാം വിറ്റുപെറുക്കി വാങ്ങിച്ചു. പിന്നെ രണ്ട് ദിവസം കഴിയുന്നതിനു മുമ്പ് അവന്റെ അടുത്ത ആവശ്യം ദുബായിൽ പോകണം.അതിനുള്ള കാശില്ല എന്ന് പറഞ്ഞപ്പോ അവൻ തൂങ്ങി മരിക്കും എന്ന ഭീഷണി.കനകം ഒന്നും നോക്കിയില്ല തന്നെ സ്വർണങ്ങൾ എല്ലാം വിറ്റ് പണം കൊടുത്തു. ദുബായ് പോകുമ്പോ എന്നാ തിരിച്ച് വരുന്നേ എന്ന് ചോദിച്ച മറുപടി തരാതെയാ പോയത്. നാലുവർഷം കഴിഞ്ഞ് ഒരുദിവസം വൈക്കോൽ നിറച്ച പോലത്തെ മുടിയും ഐസ്ക്രീം കോൺ പോലത്തെതാടിയുമായി ഒരുത്തൻ ഒരു പെണ്ണിനെയും കൂടി വീട്ടിൽ കയറി. എനിക്ക് അങ്ങട് മനസ്സിലായില്ല.കനകം പോയി പുണർന്നു ഉമ്മവച്ചു പറഞ്ഞു എൻറെ ആനന്ദ് മോനാ..... ഇതാരാ ഈ പെൺകൊച്ച് ഒരു ഭാവവും ഇല്ലാതെ അവൻ മറുപടി തന്നു.ഇത് എൻറെ പെണ്ണാ എന്ന് ഇവളെ ഞാൻ കെട്ടീട്ട് ഒരു കൊല്ലായി.എൻറെ സ്വത്ത് ചോദിക്കാൻ വന്നതാ .ഇത് അവൻറെ വായിൽ നിന്ന് കേട്ടപ്പോൾ കനകത്തെ ഒരുനോക്കു കാണാൻ പോലും എനിക്ക് കഴിഞ്ഞില്ല കനകത്തന്റെ കിഡ്നി വിറ്റ് കാശ് കൊടുത്തു എല്ലാം അവളുടെ നിർബന്ധത്തിനു വഴങ്ങി നാല് വർഷത്തിന് ശേഷം അവൻ ഒരു കൈക്കുഞ്ഞുമായി തിരിച്ചെത്തി ചോദിക്കുകയാ എനിക്ക് ഒരു കുഞ്ഞുണ്ട് അതുകൊണ്ട് എനിക്ക് കുറച്ച കൂടി കാശിന് ആവശ്യമുണ്ടെന്ന് നിസ്സഹായതയോടെ കനകം പറഞ്ഞു എനിക്ക് കാൻസറാ..... അപ്പോൾ അവൻ പറയുകയാണ് സുഖവിവരം അന്വേഷിക്കാൻ വന്നതല്ല കാശെട് എന്ന്. ഈ നിമിഷം കഴിഞ്ഞ ഈ സംഭവം ഓർത്തു കനകത്തിന്റെ അടുത്തേക്ക് പോകുമ്പോൾ കനകം

വേദനകൊണ്ട് നില വിളിക്കുകയായിരുന്നു.അടുത്തുള്ള ആശുപത്രിയിലെ ഡോക്ടറെ കൊണ്ടുവന്നു അപ്പോൾ ഡോക്ടർ  പറഞ്ഞു ആറു മണിക്കൂറേ ഇനി ജീവൻ നിലനിൽക്കുകയുള്ളൂ കനകം അപ്പോൾ പറഞ്ഞു അവസാനമായി എനിക്ക് എൻറെ മോനെ സന്തോഷത്തോടെ കാണണം അരമണിക്കൂർ തിരഞ്ഞതിനുശേഷം അറിഞ്ഞത് സെൻട്രൽ ജയിലിൽ കഞ്ചാവ് മാഫിയയ്ക്ക് മകൻ അകത്തായി എന്നാണ്. കാത്തിരിക്കുന്ന അമ്മയും ഈ വാർത്ത കേട്ട് അച്ഛനും ആ നിമിഷം അവിടെ മരണമടയുന്നു യാത്രയായി അവർ യാത്രയായി..........

ഷിഫാ ഷെറിൻ

IX-C

# അപ്പുമോന്റെ പാവക്കുട്ടി

ഒരിക്കൽ ഒരു ഗ്രാമത്തിൽ അപ്പു എന്നഒരു കൊച്ചു കുട്ടി ഉണ്ടായിരുന്നു.അവന് ഒരു പ്രിയപ്പെട്ട കൂട്ടുകാരൻ ഉണ്ടായിരുന്നു. ഒരു പാവക്കുട്ടി. അവന്റെ എല്ലാമായിരുന്നു ആ പാവക്കുട്ടി. ഭക്ഷണം കഴിക്കുന്ന സമയത്തും ഉറക്കത്തിലും അവൻ തന്റെ പാവയെ കൂടെ കൂട്ടി . ഒരു ദിവസം അവൻ തന്റെ പാവയെ സ്കൂളിലേക്ക് കൂട്ടി. അവൻ ഉച്ചയ്ക്ക് ചോറ് കഴിക്കുന്ന സമയം ബാഗിൽ നിന്നും അവൻറെ പാവക്കുട്ടിയെ പുറത്തെടുത്തു. അവൻ പാവയോട് എന്തൊക്കെയോ സംസാരിച്ചു ഭക്ഷണം കഴിച്ചു.

ഇതെല്ലാം പുറകിൽ നിന്ന് അവന്റെ ക്ലാസ്സിൽ പഠിക്കുന്ന മനു എന്ന വികൃതിയായ കുട്ടി കാണുന്നുണ്ടായിരുന്നു. അപ്പു ചോറ് കഴിച്ചു കൈകഴുകാൻ പോകും മുമ്പ് പാവയെ ബാഗിൽ വെച്ചു. അവൻ കൈകഴുകാൻ പോയത് നോക്കി മനു അവന്റെ ബാഗിൽ നിന്നും പാവയെ മോഷ്ടിച്ചു. അപ്പു കൈകഴുകി വന്ന് ബാഗിൽ നോക്കിയപ്പോൾ അവൻറെ പാവയെ കാണാനില്ല. അപ്പുവിന്റെ ഹൃദയം തകരുന്നതു പോലെ തോന്നി. അവന് വല്ലാതെ സങ്കടം വന്നു. ടീച്ചറോട് പോയി കാര്യം പറഞ്ഞു. ടീച്ചർ അത് കേട്ടപ്പോൾ ഇങ്ങനെ പറഞ്ഞു " സ്കൂളിൽ വരുമ്പോഴാണോ പാവയെയൊക്കെ കൊണ്ടുവരുന്നത്. സ്കൂളിൽ വരേണ്ടത് പഠിക്കാനാണ്". ടീച്ചറുടെ ശകാരം കേട്ടപ്പോൾ അപ്പുവിന് സങ്കടമായി. അപ്പുവിന്റെ സങ്കടം കണ്ടപ്പോൾ ടീച്ചർ പാവയെ കണ്ടുപിടിക്കാൻ എല്ലാവരുടെയും ബാഗ് നോക്കാൻ പറഞ്ഞു. ബാഗ് തപ്പി നോക്കിയപ്പോൾ ആരുടെയും ബാഗിൽ പാവ ഉണ്ടായിരുന്നില്ല.

വളരെ സൂത്രശാലിയായ മനു ഉച്ചയ്ക്ക് ആ പാവയെ പുറത്തെ ഒരു മരത്തിനിടയിൽ ഒളിപ്പിച്ചിരുന്നു. അപ്പുവിന് സങ്കടമായി സ്കൂൾ വിട്ടപ്പോൾ അപ്പുവിന് സംങ്കടത്തോടൊപ്പം പേടിയുമുണ്ടായിരുന്നു. കാരണം പാവ സ്കൂളിൽ കൊണ്ടുവന്നത് അമ്മ അറിയില്ല. അമ്മയോട് ഇക്കാര്യം പറഞ്ഞാൽ നല്ല അടി കിട്ടും. ഈ സമയം അപ്പു പാവയില്ലാതെ വീട്ടിൽ പോയി. വീട്ടിലെത്തിയപ്പോൾ ഈ കാര്യമെല്ലാം പറഞ്ഞു. അമ്മയ്ക്ക് ആദ്യം കുറച്ച് ദേഷ്യം വന്നുവെങ്കിലും പിന്നെ അത് പോയിരുന്നു. അമ്മ അവനെ സമാധാനിപ്പിച്ചു പോയതിൽ നീ വിഷമിക്കേണ്ട നിനക്ക് ഞാൻ വേറെ വാങ്ങിച്ചു തരാം. ഇപ്പോൾ നിനക്ക് നിൻറെ തെറ്റ് ബോധ്യം ആയല്ലോ. അപ്പോൾ അപ്പോൾ പറഞ്ഞു ബോധ്യമായി ഇനി ഞാൻ ഈ തെറ്റ് ആവർത്തിക്കില്ല. ആ ദിവസം മന്നു ആ പാവയെ തൻറെ വീട്ടിൽ കൊണ്ടുപോയി.

മനുവിന്റെ അമ്മ ബാഗ് തുറന്നു നോക്കിയപ്പോൾ അതിൽ ഒരു പാവയെ കണ്ടു. അമ്മ ആ പാവയേയും എടുത്ത് മനുവിന്റെ അടുത്ത് പോയി എന്നിട്ട് പറഞ്ഞു ഈ പാവ ആരുടേതാണ്? എവിടുന്ന് കിട്ടി? മനുവിന് ഒന്നും പറയാൻ കഴിഞ്ഞില്ല. എന്നിട്ട് അവൻ സത്യം എല്ലാം പറഞ്ഞു. ഇതെല്ലാം കേട്ട് അമ്മ പറഞ്ഞു മോനെ കട്ടെടുക്കുക എന്ന് പറയുന്നത് ഒരു നീചമായ പ്രവർത്തനമാണ് മോശമായ കാര്യമാണ്. നീ നല്ലത് മാത്രമാണ് പ്രവർത്തിക്കേണ്ടത്.

അതിനാൽ ഈ പാവയെ ആരുടെ കയ്യിൽ നിന്നാണ് എടുത്തത് അവൻറെ കയ്യിൽ തന്നെ കൊടുത്തേക്ക്. ഇനി ഇത്തരം പ്രവർത്തനം നീ ചെയ്യരുത് . അവന് കുറ്റബോധം തോന്നി. അവൻ പിറ്റേന്ന് തന്നെ പാവ എടുത്ത് സ്കൂളിൽ പോയി അപ്പുവിന്റെ കയ്യിൽ കൊടുത്തു. അങ്ങനെ കാര്യം ഒക്കെ പറഞ്ഞപ്പോൾ അപ്പുവിന് മനസ്സിലായി. പിന്നീടുള്ള ദിവസം രണ്ടുപേരും ഉറ്റ ചങ്ങാതിമാരായി സ്കൂളിൽ പഠിച്ചു.



ARJUN K
VIII L

# അമ്മ കാത്തിരിക്കുന്നു

വൃദ്ധസദനത്തിലെ വാതിൽപ്പടിയിൽ ചാരിയിരുന്ന് ആരെയോ പ്രതീക്ഷിച്ച കണ്ണുനട്ട് ഇരിക്കുകയായിരുന്നു ആ അമ്മ.സ്വന്തം മകനെ എന്നെ കുറെ നാളായി അവർ കാത്തിരിക്കുന്നു.താലോലിച്ച വളർത്തിയ മകൻ തന്നെ ഉപേക്ഷിക്കുമെന്ന അവർ ഒരിക്കലും വിചാരിച്ചിരുന്നില്ല.താൻ എന്ത് കുറ്റം ചെയ്തിട്ടാണ് അവനെ ഇവിടെ കൊണ്ട് ചെന്ന് ആക്കിയത് എന്ന് അമ്മയ്ക്ക് അറിയില്ലആയിരുന്നു. ഒന്നു കൊച്ചുമക്കളെ താലോലിക്കുന്നത് ഒരു കുറ്റമാണോ ആണോ? പെട്ടെന്നാണ് അപ്പുറത്തുനിന്ന് ഒരു വിളി കേട്ടത് ലക്ഷ്മി മുത്തശ്ശി അവർക്ക് എന്നെ വലിയ ഇഷ്ടമാണ് മാത്രമല്ല ഇവിടെ വന്നതിനുശേഷം എന്നോട് വളരെ സ്നേഹത്തിൽ പെരുമാറിയ വരിൽ പേരിൽ ഒരാളും കൂടിയാണ്. ആണ് എന്താ അമ്മേ ഞാൻ ചോദിച്ച അപ്പുറത്ത് കട്ടൻചായ തയ്യാറാക്കിയിട്ടുണ്ട് അപ്പുറത്തേക്ക് വാ. എന്നുപറഞ്ഞ് കുറച്ചുസമയം കൂടി അവിടെയിരുന്ന് അതിനുശേഷം ഞാൻ അപ്പുറത്തേക്ക് പോയി ചൂടുള്ള കട്ടൻ ചായ കുടിച്ചപ്പോൾ തെല്ലൊരാശ്വാസം തോന്നി.

രാവിലെ ഒരു 11 മണിയായപ്പോൾ വൃദ്ധസദനത്തിന്റെ മുറ്റത്ത് ഒരു ചുവന്ന നിറത്തിലുള്ള കാർ വന്നു.കാറിൻറെ ശബ്ദം കേട്ടതും പ്രതീക്ഷയോടെ ആ അമ്മ ഉമ്മറത്തെക്കോടി. അവരുടെ മകൻ സിദ്ധാർത്ഥ് വന്നിരിക്കുന്നു. ആദ്യം സങ്കടവും പിന്നീട് സന്തോഷവും അമ്മയ്ക്ക് തോന്നി.

അമ്മേ, സ്നേഹം തുളുമ്പുന്ന ശബ്ദത്തിൽ അവൻ വിളിച്ച ച്ച ആ മുഹൂർത്തത്തിന് ആ വൃദ്ധസദനം പോലും ഒരുപാട് കൊതിച്ചിരുന്നു. മോനേ, അമ്മ വിളിച്ചു, ഇത്രയും കാലം നീ എവിടെയായിരുന്നു? ഞാൻ നിന്നെ കാത്തിരിക്കാത്ത ദിവസം ഇല്ല. വരാൻ ഒരു അവസരം കിട്ടാൻ വേണ്ടി ഞാൻ കാത്തിരിക്കുകയായിരുന്നു അമ്മേ. എവിടെയെങ്കിലും പോകാൻ തുടങ്ങുമ്പോൾ ആതിരയുടെ ചോദ്യം തുടങ്ങും എവിടെ പോകുന്നു? എന്തിനു പോകുന്നു? എന്നൊക്കെ...... അഥവാ ഞാൻ പോകുന്നത് ഇവിടേക്കാണ് അമ്മയെ കാണാൻ ആണെന്നൊക്കെ അറിഞ്ഞാൽ അവൾ ഭദ്രകാളിയെ പോലെയായിരിക്കും പെരുമാറുക.ഇപ്പോൾ അവൾ എവിടെപ്പോയി മോനേ? അവളുടെ തറവാട് ക്ഷേത്രത്തിൽ ഉത്സവം തുടങ്ങി.. ഒരാഴ്ച കഴിഞ്ഞ് വീട്ടിലേക്ക് ഉള്ളൂ എന്ന് പറഞ്ഞ് മക്കളെയും കൂട്ടി വീട്ടിലേക്ക് പോയിരിക്കുകയാണ്. അവൾ പോയപ്പോൾ തന്നെ ഞാൻ വീട്ടിൽ നിന്ന് ഇറങ്ങി. ഞാൻ അമ്മയെ കൂട്ടിക്കൊണ്ടു പോകാൻ വേണ്ടി വന്നതാണ്.വേഗം ചെന്ന് ഒരാഴ്ചത്തേക്ക് ഉള്ള വസ്തുങ്ങൾ എടുത്തുവെക്ക് ഞാനിവിടെ കാത്തുനിൽക്കാം എന്നും പറഞ്ഞ് അവൻ മുറ്റത്തുള്ള പൂന്തോട്ടത്തിലേക്ക് ഇറങ്ങി. എന്തോ വലിയ നേട്ടം ഉണ്ടായ സന്തോഷമായിരുന്നു അവൻറെ മുഖത്ത്.

എല്ലാവരോടും യാത്ര പറഞ്ഞ് അമ്മ ഇറങ്ങി. മോനെ നമുക്ക് പോകാം. അവൻ വേഗം അമ്മയുടെ കയ്യിൽ നിന്നും ബാഗ് വാങ്ങി. ലക്ഷ്മി മുത്തശ്ശിയുടെ മുഖത്ത് ഒരു മകളെ നഷ്ടപ്പെട്ട സങ്കടമായിരുന്നു. യാത്രയിൽ ആ അമ്മ സുഖമായി ഉറങ്ങി. ഒരുപാട് നല്ല സ്വപ്നങ്ങൾ കണ്ടു .വൃദ്ധസദനത്തിൽ മകൻ കൊണ്ടുചെന്നാക്കി അതിനുശേഷം മുതൽ ഇന്നലെ രാത്രി വരെ അമ്മയ്ക്ക് സുഖമായി ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. ഇന്നായിരുന്നു അവർ ഉറങ്ങുന്നത്. വെയിൽ വന്നു വിളിച്ചപ്പോൾ അമ്മ ഉണർന്നു. മോനെ അശ്വതി മോളും അഭിഷേക് മോനും ഈ അമ്മൂമ്മയെ മറന്നുപോയിരിക്കുമോ? ഇല്ലമ്മേ ഇതൊന്നും ഇല്ലാത്ത സമയം അവർ എന്നോട് ചോദിക്കാറുണ്ട് അമ്മൂമ്മ എന്ന് തിരിച്ചുവരും അച്ഛായെന്ന്

അവരെയും ആതിര മോളെയും കൂടി കാണാൻ പറ്റിയിരുന്നെങ്കിൽ. എന്തിനാ അമ്മേ മക്കളെ കാണാം..... പക്ഷേ അവളെ അമ്മ കാണേണ്ട! അമ്മയുടെ സ്നേഹവും കരുതലും എന്താണെന്നും, അമ്മ എന്താണെന്നും ഒന്നും അവൾക്ക് അറിയില്ല. അപ്പോഴേക്കും അവർ വീട്ടിലെത്തിയിരുന്നു.

"അമ്മയെ ഇറങ്ങൂ വീടെത്തി" , വീട് തുറന്ന് അവർ അകത്തേക്ക് കയറി. അമ്മ വേണമെങ്കിൽ വിശ്രമിച്ചോളൂ ഞാൻ ചായയിടാം എന്നും പറഞ്ഞ് അവൻ അടുക്കളയിലേക്ക് പോയി. അമ്മേ വാ ചായ തയ്യാറായി അവൻ വിളിച്ചു. അമ്മയും മകനും ചായയും പലഹാരവും കഴിച്ചു. എത്രവേഗമാണ് ഒരാഴ്ച കഴിഞ്ഞു പോയത്! വൃദ്ധസദനത്തിൽ കൊണ്ടുച്ചെന്നാക്കാനുള്ള സമയം കടന്നു വന്നിരിക്കുന്നു. ഉമ്മറപ്പടിയിൽ അമ്മയും മകനും വൃദ്ധസദനത്തിലേക്ക് പോകാൻ തയ്യാറായി നിൽക്കുമ്പോൾ അവിടെ ഒരു ഓട്ടോറിക്ഷ വന്നു നിന്നു..അതിൽ നിന്ന് ആതിരയും മക്കളും ഇറങ്ങി. വീടിന്റെ ഉമ്മറത്ത് കണ്ടത് അമ്മയെ ആയിരുന്നു."ഓഹോ ഞാൻ പോയപ്പോൾ നശൂലം പിടിച്ച് ആരോഗ്യത്തോടെ ഇവിടെ കൊണ്ടുവന്നു വന്നു അല്ലേ", അവൾ അലറി. "ഇനി ഞാൻ ഇവിടെ നിന്ന് ഇറങ്ങി തന്നാൽ തള്ളയ്ക്കും മകനും സുഖവാസം! എവിടെയും ഇല്ലാത്ത ഒരു അമ്മയും മകനും. ഈ വീട്ടിൽ ഇനി ശുദ്ധികലശം നടത്തിയാലേ കയറാൻ പറ്റൂ"."നീ ഇങ്ങനെ അലറണ്ട" സിദ്ധാർത്ഥ് പറഞ്ഞു,"ഞാൻ അമ്മയെ അവിടേക്ക് കൊണ്ടുചെന്ന് ആകാൻ പോകുകയാണ്. നീ സമാധാനിക്ക്".

ഉം ശരി വാ മക്കളേ എന്ന് പറഞ്ഞ് അവൾ അകത്തേക്ക് കയറി പോയി പോയി പാവം ആ മക്കൾ അമ്മൂമ്മയെ സങ്കടത്തോടെ നോക്കി.അങ്ങനെ ആ അമ്മ വീണ്ടും വൃദ്ധസദനത്തിലേക്ക്. വരാമെന്ന് പറഞ്ഞിട്ട് പോയ തൻറെ മകൻറെ വാക്കും വിശ്വസിച്ച് അമ്മ കാത്തിരിക്കുകയാണ്.



നിയ കെ
VIII J

# ഒരു വേനൽക്കാലത്ത്

വരണ്ടുണങ്ങിയ മണ്ണിലൂടെ ഒരു തുള്ളി വെള്ളത്തിനായി അവൻ അലഞ്ഞു. ചുറ്റും നോക്കി ഇലകൾ കൊഴിഞ്ഞ് ശക്തിയായ ഒരു മഴയ്ക്ക് വേണ്ടി കാത്തു നിൽക്കുന്ന മരങ്ങൾ. ആകാശത്തേക്ക് എത്തിനോക്കാൻ പോലും മടിക്കുന്ന കാർമേഘത്തെ കാത്തു ഒരു തുള്ളി വെള്ളത്തിനായി ചുറ്റും അന്വേഷിച്ചുനടക്കുന്നതിനിടയിൽ അറിയാതെ അവൻ കല്ല് തടഞ്ഞു വീണു. എഴുന്നേൽക്കാൻ കഴിയാതെ അവൻ ഉച്ചത്തിൽ കരയാൻ തുടങ്ങി. കല്ല് എന്നു കരുതി അവന് ആ പാറക്കല്ല് എടുത്തെറിയാൻ ഒരുങ്ങി. അപ്പോഴാണ് അതിനുള്ളിൽ നിന്നും എന്തോ പുറത്തേക്ക് വരുന്നത് കണ്ടത്. ആദ്യമൊന്ന് പേടിച്ചെങ്കിലും ആമയാണെന്ന് മനസ്സിലാക്കിയപ്പോൾ പേടിയെല്ലാം അകന്നു. രണ്ടുപേരും പരിചയപ്പെട്ടു. ആമ ചോദിച്ചു: “നിൻറെ പേരെന്താ?”, “അപ്പു, നിന്റെയോ?” “ആമി” അപ്പുവിന് ഒരു കൂട്ടുകാരിയെ കിട്ടിയതിനെ സന്തോഷം ഷം മുഖത്ത് തെളിഞ്ഞു കാണാമായിരുന്നു അവർ വീണ്ടും നടക്കാൻ ആരംഭിച്ചു.ദാഹം കൊണ്ട് തൊണ്ട വറ്റിയിരിക്കുന്നു. അതുകൂടാതെ സൂര്യൻറെ അതികഠിനമായ ചൂടും. തലയുയർത്തി സൂര്യനെ ഒന്നു നോക്കാൻ പോലും കഴിയുന്നില്ല. കത്തിജ്വലിക്കുന്ന തീപ്പന്തം പോലെ സൂര്യൻ. ഇനിയും വറ്റാൻ  എൻറെ ഉള്ളിൽ വെള്ളം ഇല്ല എന്ന് കാണിക്കുന്ന വിണ്ടുകീറിയ ഭൂമിയും. യാതൊരു ലക്ഷ്യവുമില്ലാതെ അവർ നടന്നു. തളരുമ്പോൾ എവിടെയെങ്കിലും ഇരിക്കും. പ്രതീക്ഷയോടെ ആകാശത്തേക്കു നോക്കും. അല്പസമയം കഴിഞ്ഞ് പെട്ടന്ന് ആമി വെപ്രാളത്തോടെ പറഞ്ഞു “കുറച്ച് അങ്ങോട്ട് ഒരു ചെറിയ അരുവി ഉണ്ടായിരുന്നു കഴിഞ്ഞ വേനലിൽ ഞാനവിടെയാ താമസിച്ചേ!”നിറഞ്ഞ പുഞ്ചിരിയോടെ അപ്പു പറഞ്ഞു “കുറച്ചു നേരത്തെ പറയണ്ടേ?” രണ്ടുപേരും തിടുക്കപ്പെട്ട് വേഗത്തിൽ നടന്നു. പറഞ്ഞിടത്ത് എത്തിയതും രണ്ടുപേരും സ്തംഭിച്ചുപോയി. ആമിയുടെ കണ്ണുകൾ നിറഞ്ഞു.അവൾ വിതുമ്പിക്കൊണ്ട് പറഞ്ഞു “ആ അരുവി എവിടെ പോയി?” “നിനക്ക് സ്ഥലം മാറിയതായിരിക്കും”അപ്പു പറഞ്ഞു.ആമി വീണ്ടും വിതുമ്പിക്കൊണ്ട് പറഞ്ഞു “അല്ല! ഇവിടെ തന്നെയാ സത്യമായിട്ടും ഇവിടെ ഒരു അരുവി ഉണ്ടായിരുന്നു”അവൾക്ക് സങ്കടം അടക്കാനായില്ല അവൾ കരയാൻ തുടങ്ങി.”നീ കരയാതെ ഇതും ഈ വേനലിൽ വറ്റിയത് ആയിരിക്കാം നമുക്ക് കാത്തിരിക്കാം ഒരു വേനൽ മഴയ്ക്ക് പ്രാർത്ഥിക്കാം എല്ലാ ദേവന്മാരോടും നമ്മൾക്ക് വേണ്ടി മാത്രം അല്ലെങ്കിലും ഈ ഭൂമിയിലെ ജീവജാലങ്ങൾക്ക് എല്ലാം മഴ കിട്ടാൻ ദാഹമകറ്റാൻ വിണ്ടുകീറിയ ഭൂമി ഒന്നു നനഞ്ഞു കിട്ടാൻ വറ്റിയ പുഴകൾ നിറഞ്ഞു കിട്ടാൻ...” പെട്ടെന്ന് ചുറ്റുപാട് ആകെ ആകാശ മുഴുവനും കറുത്തു.രണ്ടു പേരുടെയും മുഖത്ത് പുഞ്ചിരി വിടർന്നു. മഴയുടെ ആദ്യ തുള്ളി ഭൂമിയിൽ വീണു.”ആദീ…..” അമ്മ വിളിച്ചു. അവൻ കണ്ണു തുറന്നു. അപ്പോഴാണ് താൻ കണ്ടതല്ലാം വെറും സ്വപ്നമാണെന്ന് അവൻ തിരിച്ചറിഞ്ഞത്. “വേഗം എണീക്ക് സ്കൂളിൽ പോകേണ്ടേ? ഇന്ന് സ്കൂളിൽ കഥയെഴുത്ത് മത്സരം ഇല്ലേ വിഷയം കിട്ടിയോ?” അമ്മ ചോദിച്ചു.”ആ കിട്ടി” അവൻ മറുപടി പറഞ്ഞു.”ഉറങ്ങി എഴുന്നേൽക്കുമ്പോഴ വിഷയവും കിട്ടിയോ?”അമ്മ അത്ഭുതത്തോടെ ചോദിച്ചു.”ആ ഞാൻ ഒരു സ്വപ്നം കണ്ടു അതിൽ കഥ മുഴുവനും ഉണ്ടായിരുന്നു……” സ്കൂളിലെത്തി മത്സരം ആരംഭിച്ചു അവൻ എഴുതാൻ തുടങ്ങി കഥയ്ക്ക് തലക്കെട്ട് കൊടുത്തു “ഒരു വേനൽ കാലത്ത്”

അനന്യ. പി

VIII J

# ലേഖനങ്ങൾ

## വാർദ്ധക്യം

ഇന്നത്തെ സമൂഹത്തിൽ ഉയർന്നു വരുന്ന ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണ് എന്തുകൊണ്ടാണ് വൃദ്ധസദനങ്ങളുടെ വർദ്ധനവ് എന്നത്. കാരണമെന്തെന്നാൽ ഇന്നത്തെ സമൂഹത്തിലെ കുട്ടികൾ വാർധക്യത്തെ ഒരു ബാധ്യതയായാണ് കാണുന്നത്. തൻറെ അച്ഛനമ്മമാരുടെ പ്രായം കൂടുംതോറും അവർ തനിക്ക് ഒരു ഭാരം ആവുകയാണ് എന്ന അവരുടെ ചിന്തയാണ് വൃദ്ധ സദനങ്ങളുടെ വർദ്ധനവിന് കാരണമാകുന്നത്.

ഓരോ മനുഷ്യൻ ജനിച്ചു വീഴുമ്പോഴും അവർ വളർന്നു വന്നത് എങ്ങനെയെന്നും, അവർക്ക് അവരുടേതായ ജീവിതം സ്വന്തം കൈകളിൽ ഏൽപ്പിച്ചവർ ആരൊക്കെ എന്നും അവർ മറന്നാലും തൻറെ അച്ഛനും, അമ്മയും അത് മറക്കാറില്ല. വാർദ്ധക്യമാണ് ഏറ്റവും നല്ലൊരു കാര്യമെന്ന് പറയാനാവില്ല. കാരണം പല അസുഖങ്ങളുടെയും ഒരു തീരാ പുസ്തകമാണ് വാർദ്ധക്യമെന്നത്. ബാല്യം എന്നത് ഒരു തൂവൽ പോലെയാണ്. പറക്കാൻ ആവുന്നത്രേ അത് പറക്കൂ. പിന്നെവിടെയോ വച്ച് അതിന് വഴി തെറ്റും. കൗമാരം എന്ന അസുലഭ നിമിഷങ്ങളിലേക്ക് അധികം വൈകാതെ അവയും കടന്നു പോകും. പിന്നെ ആ നിമിഷങ്ങളിലെ ഓർമ്മകൾ മാത്രം നമ്മോടൊപ്പം വാർദ്ധക്യത്തിൽ ഉണ്ടാവും. പക്ഷേ ആ നിമിഷങ്ങളിൽ എന്നും നാം ഒറ്റയ്ക്ക് ആയിരിക്കും.

വയസ്സായവരോട് സംസാരിക്കാനും, സഹായിക്കാനുമുള്ള മനോഭാവം ഇപ്പോൾ എല്ലാവരിലും ചുരുക്കം മാത്രമാണ്. അവർ തനിക്കൊരു ഭാരമെന്ന ചിന്താഗതി പല തീരുമാനവും അവരെ കൊണ്ടെടുപ്പിക്കുന്നു. മരണമെന്ന വിധിയെ ഉപേക്ഷിച്ച് തങ്ങളുടെ ജീവിതം മക്കൾക്കായി മാറ്റി വെക്കുമ്പോഴും അവർ എല്ലാത്തിനും മുന്നിലും കണ്ണടയ്ക്കുകയാണ്. വൃദ്ധസദനം എന്ന പാത തിരഞ്ഞെടുക്കുമ്പോഴും മനസ്സില്ലാ മനസ്സോടെയാണ് അവിടേക്ക് പോകേണ്ടി വരുന്നത്.

റഫീക്ക് അഹമ്മദിന്റെ അമ്മത്തൊട്ടിൽ എന്ന കവിതയിൽ അദ്ദേഹം ഒരു മകന്റെ അവസ്ഥയാണ് വിവരിക്കുന്നത്. ജീവിതമെന്ന തൂലികയിൽ മഷിയായി അമ്മയും എഴുത്തായി ഭാര്യയും ഉള്ളപ്പോൾ അവൻറെ മുന്നിൽ ആകെയുള്ള ചോദ്യമിതായിരുന്നു ഇവരിൽ ആര് മുഖ്യമെന്നത്. തൻറെ അമ്മയുടെ സ്നേഹം ഒരു നിമിഷത്തേക്ക് അവൻ മറന്നപ്പോഴും ആ അമ്മയുടെ ഓർമ്മകൾ പെറ്റമ്മയോടുള്ള അവൻറെ സ്നേഹത്തെ ഉണർത്തുകയാണുണ്ടായത്. ഈ മകന്റെ അവസ്ഥ തന്നെയാണ് എന്ന് ഓരോ മക്കൾക്കും. ചെകുത്താനും കടലിനും നടുവിലെന്ന പോലെ. വാർദ്ധക്യത്തെ ഒരു രോഗമായി കാണുന്നവർ എന്തുകൊണ്ട് ബാല്യം ഒരു രോഗമായി കാണുന്നില്ല. ഒരസുഖവും ഇല്ലാതിരുന്നിട്ടും നമ്മളെ പൊന്നുപോലെ നോക്കിയതും വളർത്തി ഇതുവരെ ആക്കിയതും ഈ വാർദ്ധക്യാവസ്ഥയിൽ ഉള്ളവരാണെന്ന് നമ്മളോരോരുത്തരും മറക്കുകയാണ്. അങ്ങനെ കാണുകയാണെങ്കിൽ വൃദ്ധസദനങ്ങൾ എന്തിനാണ് നമുക്ക് . ജീവിതം ഉള്ളിടത്തോളം ജീവിക്കുക എല്ലാ കാലത്തെയും തരണം ചെയ്ത് മണ്ണിലൊടുങ്ങുവോളം.



LENA MARIYAM
X F

# ആഗോളതാപനം

ഇനിവരുന്ന തലമുറയ്ക്ക്

സൗരയൂഥത്തിലെ ഒരേയൊരു ജീവനുള്ള ഗ്രഹമാണ് നാം അധിവസിക്കുന്ന ഭൂമി. കോടാനു കോടി വർഷങ്ങൾക്കു മുൻപ് നമ്മുടെ ഭൂമി ചുട്ടു പഴുത്തതായിരുന്നു. എന്നാൽ അതിനു ശേഷം ഭൂമിയിൽ ജീവന്റെ തുടിപ്പുകൾ ഉണ്ടായി. ഇന്ന് കാണുന്ന രീതിയിൽ എല്ലാം വികസിച്ചു. ആ ചരിത്രം നാം വായിച്ചിരിക്കണം. പരിണാമസിദ്ധാന്തവും എല്ലാം ഈ തലമുറ അറിയണം. അന്ന് ചുട്ടുപഴുത്ത് കിടന്ന ഭൂമി ഇന്ന് ആ അവസ്ഥയിലേക്കുള്ള തിരിച്ചു പോക്കിന്റെ പാതയിലാണ്. അതിന് കാരണം നമ്മൾ തന്നെയാണ് .ആധുനിക സാങ്കേതികവിദ്യകളുടെ കണ്ടുപിടുത്തം വികസനം എല്ലാം ഭൂമിയുടെ പ്രതിച്ഛായ മാറ്റി എന്നു തന്നെ പറയാം. വികസനം വേണം എന്നാൽ സുസ്ഥിരവികസനം ആണ് ആവശ്യം. ഇന്ന് അനിയന്ത്രിതമായി പരിസ്ഥിതി ലോല പ്രദേശങ്ങളിൽ പോലും വികസനമെന്ന പേരിൽ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്  മരങ്ങളും മറ്റു കടൽ സസ്യങ്ങളും ആൽഗകളും,വെട്ടിയും പ്ളാസ്റ്റിക് ഉപയോഗം കൊണ്ടും നശിപ്പിച്ചിരിക്കുകയാണ് നമ്മൾ മനുഷ്യർ. ഇതെല്ലാം തന്നെ ജീവവായു സ്രോതസ്സുകളാണ്. നാം മനുഷ്യർ സ്വന്തം ജീവന് തന്നെ വിലങ്ങിടുകയാണ് .

ഇതിനെല്ലാം അവസാനം നമ്മുടെ ഭൂമിയും മറ്റ് എല്ലാ ജീവജാലങ്ങളുടേയും നാശമാണ്.ഫ്രിഡ്ജും, എസിയുമെല്ലാം അനിയന്ത്രിതമായി ഉപയോഗിക്കുന്നത് ക്ലോറോ ഫ്ലൂറോ കാർബണിന് കാരണമാകുന്നു .ഇത് ഭൂമിയുടെ സംരക്ഷണ കവചം ആയ ഓസോൺ പാളിക്ക് വിള്ളൽ ഉണ്ടാകുന്നു. മാത്രമല്ല വനനശീകരണവും നഗരവൽക്കരണവും എല്ലാം കാർബൺഡയോക്സൈഡ് അളവ് അന്തരീക്ഷത്തിൽ ഉയർത്തി കൊണ്ടിരിക്കുന്നു. അന്തരീക്ഷതാപനിലയും ഉയർത്തുന്നു. ഇതെല്ലാം ഓസോൺ ശോഷണത്തിന് കാരണമാകുന്നു. ജലസ്രോതസ്സുകൾ വറ്റി വരളുന്നു. നമ്മുടെ ഭൂമി എല്ലാംകൊണ്ടും നശിക്കുന്നു. ഏറ്റവും വലിയ ഉദാഹരണമാണ് ആമസോൺ കാടുകളിലെ കാട്ടുതീ.  ഓസോൺ പാളിയിലെ വിള്ളൽ  അന്തരീക്ഷ താപനില ഉയർന്നതാണ് ഇതിനു കാരണം.  അനിയന്ത്രിതമായ താപനിലയിലുള്ള വർദ്ധനവാണ് ആഗോളതാപനം. കേരളം 44 നദികൾ ഒഴുകുന്ന ഇടമായിട്ടു പോലും കടുത്ത ജലക്ഷാമം നേരിടുന്ന സംസ്ഥാനമാണ് .

പരിസ്ഥിതിലോല പ്രദേശങ്ങൾ മുഴുവൻ നാം വികസനമെന്ന പേരിൽ  നശിപ്പിക്കുകയാണ്. പല പരിസ്ഥിതി സംഘടനകളും ഇന്ന് ഭൂമിയെ വീണ്ടെടുക്കാനുള്ള ശ്രമത്തിലാണ് അതിനായി ഐക്യരാഷ്ട്ര സംഘടന ഈ വർഷം 2020 അന്താരാഷ്ട്ര സസ്യാരോഗ്യ വർഷമായി ആചരിക്കുന്നു. 17 കാരിയായ ഗ്രേറ്റ തുമ്പ ഏറെ ശ്രദ്ധ നേടിയത് പ്രകൃതി സംരക്ഷണത്തിനായുള്ള പോരാട്ടത്തിലൂടെയാണ്. മനുഷ്യരുടേയും ലോകത്തിലെ മുഴുവൻ ജീവജാലങ്ങളുടെയും വാസസ്ഥലം ഭൂമിയാണ്. നാമെല്ലാം അതിൻറെ അവകാശികളാണ് അതിൽ അവകാശം ഉള്ളത് പോലെ തന്നെ അത് സംരക്ഷിക്കുന്നതിനുള്ള കടമയും നമുക്കുണ്ട്. എന്നാൽ നാം പലപ്പോഴും അത് മറക്കുന്നു. ആഗോളതാപനം ഒരു യാഥാർത്ഥ്യമാണ് നാമോരോരുത്തരും അതിന് ഉത്തരവാദികൾ ആണ്. പ്രകൃതി അമ്മയാണ് സർവ്വംസഹയാണ്. കേരളത്തിലെ ഈ കഴിഞ്ഞ പ്രളയകാലങ്ങൾ എല്ലാം നമ്മെ പ്രകൃതി എന്താണെന്ന് മനസ്സിലാക്കി തന്നു .

പ്രകൃതിയുടെ സൗന്ദര്യം മാത്രം കണ്ട നാം പ്രകൃതിയുടെ മറ്റൊരു മുഖം കണ്ടു കഴിഞ്ഞു .എല്ലാം ഓർമപ്പെടുത്തലുകളാണ്. നാം നശിപ്പിച്ച ഓരോ സസ്യങ്ങളും, വൃക്ഷങ്ങളും അതിൻറെ ഇരട്ടി നാം വച്ചുപിടിപ്പിക്കേണ്ടതായുണ്ട്. ആഗോളതാപനം നിയന്ത്രിക്കാൻ കഴിയുന്നതാണ്. അതിനുള്ള ശ്രമങ്ങൾ ഒന്നും നടത്തുന്നില്ല. മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ് .ഇനി പ്രാണവായുവിനായി ഓക്സിജൻ സിലിണ്ടേഴ്സ് ഉപയോഗിക്കുന്ന ഒരു തലമുറ ഉണ്ടാവരുത്.

ജെനിഷ ജയേഷ്

IX H

## സൈബർ വലകളും സ്ത്രീകളും

സമൂഹത്തിൽ ഒന്നാകെ ഇന്ന് ടെക്നോളജിയുടെ പ്രഭാവം വർദ്ധിച്ചുവരികയാണ്. ഇന്നത്തെ തലമുറയ്ക്ക് തെറ്റ് ഏതെന്നോ ശരി ഏതെന്നോ ഉള്ള തിരിച്ചറിവില്ല. ഇന്ന് ഏറ്റവുമധികം ടെക്നോളജിയുടെ പുത്തൻ ആശയങ്ങൾ വ്യക്തികൾക്ക് മുന്നിലെത്തുന്നത് മൊബൈലിലൂടെയും കമ്പ്യൂട്ടറിലൂടെ യുമാണ്. ഇന്ന് മൊബൈൽ ഉപയോഗിക്കാത്തവർ ചുരുക്കമാണ്. പരസ്പരമുള്ള ആശയവിനിമയം മാത്രമല്ല ക്യാമറ, ബ്ലൂടൂത്ത്, ഇൻറർനെറ്റ്, ഇമെയിൽ എന്നിങ്ങനെ മൊബൈൽ ഫോണുകളിൽ നിന്ന് നമുക്ക് നൽകുന്ന സൗകര്യങ്ങൾ ഒട്ടനവധിയാണ്. സൗകര്യങ്ങൾ ഏറുന്ന അതോടൊപ്പം തന്നെ അതിന്റെ ദുരുപയോഗവും ഏറിവരുന്നു. ഇന്ന് സോഷ്യൽ മീഡിയയിലൂടെ സൗഹൃദങ്ങളോട് പങ്കുവെക്കാത്ത വിശേഷങ്ങൾ ഇല്ല. ഇന്ന് സൈബർ കുറ്റകൃത്യങ്ങൾ അനുദിനം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇവർക്കെതിരായി കാര്യമായ മുൻകരുതലുകളോ, നടപടികളോ ഇല്ല.തെറ്റായ റൗണ്ടുകൾ ഉണ്ടാക്കിയ മറ്റുള്ള സൈറ്റുകൾ ഹാക്ക് ചെയ്തും നടത്തുന്ന കുറ്റകൃത്യങ്ങളുടെ യഥാർത്ഥ പ്രതിയെ കണ്ടെത്താനുള്ള ബുദ്ധിമുട്ട് തന്നെയാണ് പ്രധാന കാരണം . അനുദിനം വളർന്നുകൊണ്ടിരിക്കുന്ന സാങ്കേതികവിദ്യ കൊപ്പം തന്നെ സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സൈബർ കുറ്റകൃത്യങ്ങളുടെ ഏറ്റവും വലിയ ഇരകൾ സ്ത്രീകൾ തന്നെയാണ്. ഇന്ന് സമൂഹത്തിൻറെ നാനാഭാഗങ്ങളിലും സ്ത്രീകൾ കുറ്റകൃത്യങ്ങൾക്ക്  ഇരയാവുക യാണ്.ഇന്ന് പ്രണയം ഒരു മിസ്ഡ് കോളിൽ തുടങ്ങി പരസ്പരം കാണാതെ ഒരുനാൾ എല്ലാം ഇട്ടെറിഞ്ഞ് മൊബൈൽ കാമുകനോടൊപ്പം ഉള്ള ജീവിതം സ്വപ്നം കണ്ടു ഇറങ്ങുന്നവർ ഒടുവിൽ നേരിട്ട് കണ്ടു കഴിയുമ്പോൾ താൻ ഇത്രയും കാലം മൊബൈലിൽ സ്നേഹിച്ച കാമുകൻ വൃദ്ധനാണ് എന്ന് തിരിച്ചറിയുന്നു. ചിന്തിക്കേണ്ടത് ചിന്തിക്കുന്നില്ല എന്നതാണ് ഇതിന് കാരണം. മറുതലയ്ക്കൽ പറയുന്നതെന്തും അക്ഷരം പ്രതി വിശ്വസിക്കുന്നു.സൈബർ വലകളിൽ പെട്ട് ജീവിതം നശിക്കാൻ ഇരയായവർ അനവധിയാണ്. തങ്ങൾ വഞ്ചിക്കപ്പെടുകയായിരുന്നു എന്നത് പലപ്പോഴും അവർ തിരിച്ചറിയുന്നില്ല. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ കേരള പോലീസിൽ പ്രത്യേകം സൈബർക്രൈം ഡിപ്പാർട്ട്മെൻറ് തന്നെയുണ്ട്. സാങ്കേതികവിദ്യക്കൊപ്പംതന്നെ മുന്നേറി വളരെയധികം കൃത്യതയോടെ അവർ പരാതികൾ പരിഹരിക്കുന്നു. കുറ്റവാളികളെ കണ്ടെത്തുന്നു. ഇനി അങ്ങോട്ടുള്ള നാളുകളിൽ നാം ജീവിക്കേണ്ടത് സ്വയം നിയന്ത്രിച്ച് ഉള്ള വഴികൾ മനസ്സിലാക്കി വേണം.ഒപ്പം സൈബർ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ സാങ്കേതികവിദ്യകൾ അതിന്റെ ആവശ്യാനുസരണം മാത്രംഉപയോഗിക്കാൻ ശ്രമിക്കുക.. എങ്കിൽ മാത്രമേ നല്ല പ്രത്യാശയുടെ ഒരു നാളെയുടെ വാതിൽ നമുക്ക് മുന്നിൽ തുറക്കപ്പെടൂ.



SAHALUNNISA K P
X F

## മൊബൈൽ ഫോൺ ഉപയോഗവും ദുരുപയോഗവും

ലോകമെനന്ദിമ്പാട്ടുമുള്ള ആളുകൾക്ക് ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് മൊബൈൽ ഫോൺ ആളുകൾ ഇതിനെ നന്മയക്കും തിന്മയ്ക്കും ഉപയോഗിക്കുന്നു . വിദ്യാഭ്യാസ കാലഘട്ടത്തിൽ മൊബൈൽ ആവശ്യമാണ് .ഇതിലൂടെ ധാരാളം ഉപകാരപ്രദമായ അറിവുകൾ ലഭിക്കുന്നു . ചിലപ്പോൾ ആ അറിവുകൾ ഒരു ആളുകളെ വലിയ ഉയർച്ചയിലേക്ക് നയിക്കും. നമ്മുടെ കയ്യിലുള്ള പുസ്തകങ്ങൾ മാത്രമാണ് നമ്മുടെ സഹായി എന്ന് ചില ആളുകൾ തെറ്റിദ്ധരിക്കുന്നുണ്ട്. അത് വെറും തെറ്റിദ്ധാരണ മാത്രമാണ്. നമ്മൾ അറിവിനെ തേടുകയാണ് വേണ്ടത് ,അല്ലാതെ അറിവ് നമ്മളെ തേടി വരുകയില്ല.അറിവ് നേടാനുള്ള ഒരു മാർഗമായിനമുക്ക് മൊബൈൽ ഫോണിനെ കാണാം. ഇന്നത്തെ ലോകത്ത് നമ്മെ ആശയവിനിമയത്തിനായി കൂടുതലായും സഹായിക്കുന്നത് മൊബൈൽഫോൺ ആണ് .മറ്റു രാജ്യത്തെ പഠനാവശ്യത്തിന് ജോലിസംബന്ധമായ ആവശ്യത്തിന് പോയവരുടെ വിവരങ്ങൾ അറിയാൻ മൊബൈൽഫോൺ നമ്മളെ സഹായിക്കുന്നു .

ഇന്ന് പലരും വഴി വഴിതെറ്റുന്നത് മൊബൈൽ ഫോണിലൂടെയാണ് .വാട്സ്ആപ്പ് പോലുള്ള സാമൂഹ്യ മാധ്യമങ്ങൾ കുട്ടികളെ വഴിതെറ്റിക്കുന്നതിൽ വളരെയധികം പങ്ക് വഹിക്കുന്നുണ്ട് .മൊബൈൽ ഫോൺ കാരണം കുട്ടികൾ പരസ്പരം മോശമായ രീതിയിൽ ആശയവിനിമയം നടത്തുന്നുണ്ട് .മൊബൈൽ ഫോണിൻറെ അമിത ഉപയോഗം കൊണ്ട് കുട്ടികൾ പഠനത്തിൽ നിന്നും വിദൂരയാകുന്നുണ്ട്. മൊബൈൽ ഫോണിൻറെ ഉപയോഗം വീട്ടമ്മമാരെയും ജോലിയിൽ നിന്നും വിദൂരയാകുന്നു. മനുഷ്യൻ തന്നെ വികസിപ്പിച്ചെടുത്ത പല ടെക്നോളജിയും അവരെ തന്നെ ഉപദ്രവിക്കുന്നു . മൊബൈൽ ഫോണിന് നന്മയും തിന്മയും ഉണ്ട് .നമ്മൾ അതിനെ നല്ല രീതിയിൽ ആണ് ഉപയോഗിക്കുന്നത് അത് നമ്മളെ നന്മയിലേക്ക് നയിക്കും ,അതിനെ തിന്മയിലാണ്കാണുന്നതെങ്കിൽ നമ്മളെ നാശത്തിലേക്ക് നയിക്കും.

IRFANA SHIRIN K P

IX H

# മരട് ഫ്ലാറ്റ്

## കൂറ്റൻ കെട്ടിടങ്ങൾ നിലംപൊത്തി

സുന്ദരമായ പ്രകൃതിയാണ് നമ്മുടേത്. പ്രകൃതിയെ സുന്ദരമായ വർണ്ണ പട്ടു വിരിച്ചതുപോലെ ലെആകുന്നത് ഇവിടത്തെ വയലുകളും കുന്നുകളും പുഴകളും ഒക്കെയാണ്. എന്നാൽ ഇന്നത്തെ മനുഷ്യർ അത് ദുരുപയോഗം ചെയ്യുന്നു .കായലുകളും ജലസംഭരണികൾ ഒക്കെയും നികത്തി കൂറ്റൻ ഫ്ലാറ്റുകൾ നിർമ്മിക്കുന്നു.

എറണാകുളം ജില്ലയിലെ കൊച്ചിയിലെ പരിസ്ഥിതിലോലമായി പ്രദേശമാണ് മരട്. ഇവിടത്തെ കായലുകളുടെ ചേർന്ന് ഫ്ലാറ്റുകൾ നിർമ്മിച്ചിരുന്നു. പ്രദേശത്ത് ഇത്തരം ഫ്ളാറ്റുകൾ നിർമ്മിക്കാൻ നഗരസഭ അനുമതി നൽകാൻ പാടുള്ളതല്ല. ഇങ്ങനെയുള്ള ഫ്ലാറ്റുകളും കായലിനു ദോഷകരമാണ്.

ഫ്ലാറ്റിൽ താമസിക്കുന്ന ആളുകൾ കായലിലേക്ക് മാലിന്യങ്ങൾ വലിച്ചെറിഞ്ഞാൽ കായലിനെ ആശ്രയിച്ച് വസിക്കുന്ന അനവധി ജീവജാലങ്ങൾ ഉണ്ട്. അവയൊക്കെ വംശനാശത്തിലേക്ക് നയിക്കും. ഇങ്ങനെയുള്ള മരടിലെ അഞ്ച് ഫ്ലാറ്റുകൾ അനുമതിയില്ലാത്ത അതിൻറെ പേരിൽ പൊളിച്ചുകളഞ്ഞു.ഈ ഫ്ലാറ്റുകളിൽ താമസിക്കുന്ന ആളുകൾക്ക് ഇത് ഒരു സങ്കടമുള്ള കാര്യമാണ്

ഫ്ലാറ്റുകൾ പൊളിക്കുന്നത് ഇന്ത്യയിലെ മുഴുവൻ ആളുകൾക്കും ആകാംക്ഷ ഉള്ളതായിരുന്നു. എന്നാൽ ആ ഫ്ലാറ്റുകളിൽ താമസിച്ച് ആളുകളുടെ നെഞ്ചിൽ തീയാണ്.പത്തും ഇരുപതും വർഷങ്ങളെടുത്ത് പണിത ഫ്ളാറ്റുകളാണ് എല്ലാം ഒറ്റ നിമിഷം കൊണ്ട് നിലം പതിക്കുകയായിരുന്നു. ലോകമെമ്പാടുമുള്ള ജനത ഉറ്റുനോക്കിയതായിരുന്നു മരട് ഫ്ലാറ്റ് പതനം. തലയുയർത്തി നിന്ന് കൂറ്റൻ കെട്ടിടങ്ങൾ ഒരു സെക്കൻഡ് കൊണ്ട് നിലംപൊത്തി പൊടിപടലങ്ങളും മാലിന്യ കൂമ്പാരങ്ങളും ആയി മാറുകയാണ് ഉണ്ടായത്. വളരെ വിദഗ്ധമായി ആണ് ഫ്ലാറ്റ് പൊളിക്കൽ നടന്നത്. ആർക്കും യാതൊരു പ്രശ്നവും ഉണ്ടായിട്ടില്ല.വിചാരിച്ചത് പോലെ തന്നെ വിജയകരമായി ഫ്ലാറ്റ് കൊടുക്കൽ നടന്നിരുന്നു. ഒന്നു കായലുകളും പ്രകൃതിക്കും ദോഷമുണ്ടാക്കുന്ന ഫ്ലാറ്റുകൾ ഇനിയെങ്കിലും പൊളിച്ചു അല്ലെങ്കിൽ അത് മറ്റുള്ളവർക്കും കൂടി അവിടെ വേറൊരു കെട്ടിടം നിർമ്മിക്കാൻ പ്രചോദനമാകുന്നു. അതിനാൽ ഫ്ലാറ്റ് നിർമ്മിച്ച് അവർക്ക് കഠിന ശിക്ഷകൾ നൽകുക എന്നത് നല്ല കാര്യമാണ്.

ഫാത്തിമ കെ പി

IX H

# വിഷരഹിത പച്ചക്കറി

ഇന്നത്തെ കാലത്ത് നമ്മൾ കഴിക്കുന്നതിനും വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ട് .അത് നമുക്ക് അപകടകരമാണ് . നാം അതൊന്നും ചിന്തിക്കാതെ പാക്കറ്റ് ഫുഡ് ധാരാളം കഴിക്കുന്നു ഇന്ന് കൃഷി വളരെ കുറവാണ്. ഇന്ന് തമിഴ്നാട്ടിൽ നിന്നും മറ്റു പല സ്ഥലങ്ങളിൽ നിന്നും കീടനാശിനികളും മറ്റും അടിച്ച പച്ചക്കറികളാണ് നമ്മുടെ ദൈവത്തിൻറെ സ്വന്തം നാടായ കേരളത്തിൽ എത്തുന്നത് ഇതെല്ലാം അറിഞ്ഞിട്ടും ഒരു നിവൃത്തിയും ഇല്ലാതെ നമ്മൾ വിഷങ്ങൾ തിന്നുന്നു.ഇതൊക്കെ കാണുമ്പോൾ നമുക്ക് പഴയ തലമുറയുടെ അസൂയയാണ് തോന്നേണ്ടത്. പണ്ടത്തെപ്പോലെ കൃഷി ഒന്നും ഇന്ന് കാണുന്നില്ല. അതുകൊണ്ട് ഒക്കെ തന്നെയാണ് നമ്മൾ മറ്റു പല സ്ഥലങ്ങളിൽ വിഷം നിറഞ്ഞ പച്ചക്കറികൾ കഴിക്കാൻ കാരണം.പണ്ട് ധാരാളം വയലുകളും അതുപോലെ കൃഷിയും കാണാമായിരുന്നു. അന്നത്തെ മനുഷ്യർ അധ്വാനിക്കാൻ ആഗ്രഹമുള്ളവർ ആയിരുന്നു. അവരുടെ മുഖ്യ ജോലി കൃഷിയും ആയിരുന്നു അവർ കീടനാശിനി ഉപയോഗിക്കേണ്ടി വന്നില്ല അവർ അവരുടെ കൃഷിയെ സ്വന്തം പോലെ സ്നേഹിച്ചു.കൃഷി നശിക്കാൻ ധാരാളം കാരണങ്ങളുണ്ട് അതിൽ മനുഷ്യരുടെ പങ്ക് വളരെ വലുതാണ് മണ്ണ് മലിനീകരണം കാരണം ചെടികൾക്ക് വളരാൻ സാധിക്കുന്നില്ല. മനുഷ്യർ തന്നെയാണ് ചെടികളിലും പച്ചക്കറികളിലും വിഷം അടിക്കുന്നത് ഇന്ന് ടിവി തുറന്നാൽ എപ്പോഴും പരസ്യങ്ങൾ കേൾക്കുന്നത് തലയ്ക്ക് തേക്കുന്ന ഷാംപൂവില് പാൽ വെളിച്ചെണ്ണയിൽ വിറ്റമിൻസ് എന്നാൽ നമ്മൾ കഴിക്കുന്ന പച്ചക്കറികൾ ആകട്ടെ എൻഡോസൾഫാൻ പോലുള്ള മാരകമായ കീടനാശിനികളും.ഓരോ മനുഷ്യൻറെ അസ്ഥിത്വം എന്ന് പറയുന്നത് ആരോഗ്യമുള്ള ശരീരമാണ്. നാം തന്നെ നമ്മുടെ ശരീരത്തെ കാത്തുസൂക്ഷിക്കണം. വിഷമുള്ള പച്ചക്കറികൾ കഴിച്ചാൽ അത് നമ്മുടെ ഓരോ അവയവത്തെയും ബാധിച്ച് മരണം വരെ സംഭവിക്കാം. നമ്മൾ ഓരോ തവണയും ഇവ കഴിക്കുമ്പോൾ നമ്മൾ നമ്മുടെ ആരോഗ്യം നഷ്ടപ്പെടുത്തുകയാണ് എന്നാൽ ഇതിൽനിന്ന് ഒരു തിരിച്ചുവരവ് നമുക്ക് വേണം. അതിനായി എന്തൊക്കെ ചെയ്യാൻ സാധിക്കും ചിന്തിക്കേണ്ടിയിരിക്കുന്നു ഇന്ന് എത്ര വീടുകളിൽ ചെറിയ കൃഷി എങ്കിലും ഉണ്ടാകും തീർച്ചയായും വളരെ കുറവായിരിക്കും. നമ്മളെല്ലാവരും ചെയ്യേണ്ടത് ഓരോ വീട്ടിലും നമുക്ക് ആവശ്യമുള്ള പച്ചക്കറികൾ നമ്മുടെ വീട്ടുമുറ്റത്ത് തന്നെ വളർത്തണം. അത് ആകുമ്പോൾ നമുക്ക് വിശ്വസിച്ച് തന്നെ കഴിക്കാമല്ലോ. വളങ്ങൾ രണ്ടുതരമുണ്ട് ജൈവവളവും രാസവളവും. കൂടുതലും ജൈവവളങ്ങൾ ഉപയോഗിക്കുന്നതായിരിക്കും നല്ലത്. പുതിയതലമുറയെ ആരോഗ്യപൂർണമായ വാർത്തെടുക്കാം. നമ്മുടെ ആരോഗ്യത്തിന് ആവശ്യമുള്ളത് വിഷരഹിത പച്ചക്കറി ആണ്. ഒരുപാട് പ്രസക്തിയുള്ള കാര്യമാണ് വിഷരഹിത പച്ചക്കറികൾ ഇന്ന് നാം അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നവും ഇതുതന്നെയാണ്. പുതുതലമുറ പുതിയസംവിധാനങ്ങളുടെ പിന്നാലെ പോകുന്നതിനാൽ ആരുംതന്നെ പറമ്പിൽ ഇറങ്ങാറില്ല. ഇന്നത്തെ സമൂഹവും ഇറങ്ങട്ടെ എന്നാണ് എൻറെ അഭിപ്രായം. നമ്മൾ എല്ലാവരും എല്ലാവരുടെയും വീട്ടിൽ ആവശ്യമുള്ള പച്ചക്കറികൾ നട്ടു വളർത്തണം.ജൈവവളങ്ങൾ നൽകുക. ഇന്ന് കൃഷി എന്ന് പറയുന്ന തൊഴിലിനെ സമൂഹം കൂടുതൽ അപമാനിക്കുകയാണ് ചെയ്യുന്നത്.എന്നാൽ കർഷകർ ഇല്ലെങ്കിൽ മനുഷ്യരിൽ ഇല്ലെന്നുതന്നെ പറയാം. നാം നമുക്ക് ഒത്തു ചേർന്ന് നമ്മുടെ നാടിനെ വിഷമുള്ള പച്ചക്കറികളിൽ നിന്നും രക്ഷിക്കാം.



നികേത് എ
IX B

# കേരളം അതിജീവനത്തിന്റെ പാതയിൽ

പ്രളയവും നിപ്പയും

ആധുനിക കാലത്തെ കേരളത്തിൽ ആകെ ഉലച്ച അതാണ് രണ്ട് വർഷമായി തുടരുന്ന പ്രണയം ഇനിയും ഇത്തരം അതിശക്തമായ മഴ ഉണ്ടാകും എന്നാണ് കാലാവസ്ഥാ നിരീക്ഷകർ പറയുന്നത് 2018 ആഗസ്റ്റ് ഉണ്ടായ കനത്ത മഴ കേരള ജനതയെ ആകെ നിരാലംബരായ തീർത്തു മഴയ്ക്ക് ശേഷം ഉണ്ടായ പ്രളയം നമുക്ക് നേരിടാൻ പറയുന്നതിനേക്കാൾ അധികം ക്രൂരമായിരുന്ന കെട്ടിടങ്ങളിലെ രണ്ടാമത്തെ നില പോലും വെള്ളത്തിലായി ആയിരക്കണക്കിന് ആൾക്കാർക്ക് ജീവൻ നഷ്ടപ്പെട്ടും ഉരുൾപൊട്ടൽ മൂലം വീടുകളിലും മറ്റും വെള്ളം കയറി കേരളത്തിലാകെ നശിപ്പിച്ച കൊണ്ടാണ് കടന്നുപോയത് മനുഷ്യൻറെ പ്രവർത്തികൾ ആണ് അവൻറെ ഈ അവസ്ഥയ്ക്ക് കാരണമായി മരങ്ങൾ മുറിച്ചുമാറ്റി ഭൂമികളെ ആക്കിയത് കാരണമാണ് ഭൂമിയിൽ മണ്ണിനെ ഉറപ്പിച്ച നിർത്തി കൊണ്ട് ജലധി ഭൂമിയിലേക്ക് ഇറങ്ങാൻ മരങ്ങൾ സഹായിച്ച വീടുകളിലും മറ്റും ഇതുമൂലം മഴവെള്ളത്തിന് മണ്ണിലേക്ക് ആഴ്ന്നിറങ്ങും സാധിച്ചില്ല ഇതും ഈ കനത്തമഴയെ ഒരുവൻ പ്രണയം ആക്കി തീർക്കുന്നത് കാരണമായിട്ടുണ്ട് വയലുകൾ ഒരു നല്ല ജലസംഭരണിയായ നികത്തുന്നതും പ്രണയം ഉണ്ടാകുന്നതിന് കാരണമായി ഇത്തരത്തിലുള്ള മനുഷ്യൻറെ നീച പ്രവർത്തികൾ ഈ പ്രണയത്തെ വൻ ദുരന്തം ആകുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട് പ്രളയത്തിനു ശേഷമുള്ള അസുഖങ്ങളും ഇതിനെ ക്രൂരം ആക്കിത്തീർത്തു മലയാളികൾ ഒത്തൊരുമയുടെ പ്രതീകമാണ് എന്നത് കഴിഞ്ഞ ദുരന്തത്തിൽ കൂടെ നമുക്ക് മനസ്സിലായി പ്രളയത്തിൽ പെട്ടവരെ രക്ഷിക്കാൻ സുരക്ഷപോലും മറന്നേ ഇറങ്ങിപ്പുറപ്പെട്ട അവരുടെ പ്രണയ ക്യാമ്പുകളിൽ ആവശ്യത്തിനും എത്രയോ അധികം സാധനങ്ങൾ എത്തിയത് അപകടത്തിൽ പെട്ടവരെ സഹായിക്കാൻ മലയാളികൾ മുഴുവൻ ഒരുമിച്ച് ഒറ്റക്കെട്ടായി നിന്നു ജാതിയോ മതമോ പണക്കാരൻ പാവപ്പെട്ടവൻ പഴയ തൊഴിൽ ഉള്ളവരോ ഇല്ലാത്തവരോ നല്ല വരോ കേട്ടവരും ഇങ്ങനെയൊരു ഒരു വേർതിരിവും ഇല്ലാതെ എല്ലാവരെയും സാധാരണ മനുഷ്യനായി ആണ് കണക്കാക്കി തീരുകയായിരുന്നു നമ്മൾ ഒരു വേർതിരിവും ഇല്ലാതെ എല്ലാവരെയും ആത്മാർത്ഥമായി സഹായിച്ച ജീവിതത്തിൽ പ്രധാന പങ്കുവഹിച്ചത്.

മത്സ്യത്തൊഴിലാളികളാണ് സ്വന്തം ജീവൻ പോലും വകവയ്ക്കാതെ അവർ തന്നെ തോണി തുഴഞ്ഞു നാനാഭാഗങ്ങളിൽ ചെയ്തു മരിക്കാൻ കിടക്കുന്നവരെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയത് മത്സ്യത്തൊഴിലാളികളാണ് മലയാളികൾ ഒത്തൊരുമിച്ച് ഒറ്റക്കെട്ടായി മഹാ ദുരന്തത്തെ അതിജീവിച്ച വൻതോതിൽ മരുന്നുകളും മറ്റ് അവശ്യ സാധനങ്ങളും ക്യാമ്പുകളിലേക്ക് എത്തി വീടും നഷ്ടപ്പെട്ടവർക്ക് വീട് നൽകാൻ മലയാളികൾ എല്ലാവരും സഹായഹസ്തങ്ങൾ നീട്ടി ദുരന്തങ്ങളിൽ ഒറ്റക്കെട്ടായി ഒരുമയോടെ നിന്ന കേരളം കേരളത്തെ ഭ്രാന്താലയം എന്നാണ് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചത് ജാതി വർഗം കൊണ്ട് ഒരു ഭ്രാന്താലയമാണ് കേരളം ഒരു ദുരന്തം വന്നപ്പോൾ ഒറ്റക്കെട്ടായി ഇത്തരം എല്ലാം മറന്ന കൊണ്ട് വെറും മനുഷ്യരായി പ്രളയത്തിൽ ജീവിച്ച ദൈവത്തിൻറെ സ്വന്തം നാട് എന്ന പ്രയോഗത്തിന് ആക്കം കൂട്ടുകയാണ് മലയാളികൾ പ്രണയത്തിലൂടെ മലയിടിഞ്ഞു വീഴുന്നത് മൂലം അതി ശക്തമായ മഴയിൽ ഉരുൾപൊട്ടൽ ഉണ്ടായപ്പോൾ അത് വീടുകളിൽ വീഴുന്നതിനു വൻ നഷ്ടങ്ങൾ ഉണ്ടാകുന്നതിന് കാരണമായി ഡാമുകൾ എല്ലാം ഒരുമിച്ച തുറന്ന പ്രളയത്തെ വൻ ദുരന്തമായി തീർക്കുന്നതിന് ആക്കംകൂട്ടി 2019 ലും പ്രണയത്തെ നേരിടേണ്ടിവന്ന പ്രണയത്തിനുശേഷം പലതരം പകർച്ചവ്യാധികൾ ഉണ്ടായി

കേരളത്തിൽ ഇതിനു ഉദാഹരണമാണ് പടർന്നതോടെ കേരളത്തിലെ എല്ലാവരും ഒറ്റപ്പെടുത്തി കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്ത സാധനങ്ങൾ ആരും സ്വീകരിച്ചില്ല കേരളത്തിൽ ആകെ പടർത്തി വീടുകളിൽ നിന്ന് പുറത്തിറങ്ങാൻ പോലും ആർക്കും ധൈര്യമുണ്ടായില്ല ചെറിയ പനി വന്നാൽ പോലും അവരെ അകറ്റി നിർത്തും ആയിരുന്നു ബാധിച്ചവർക്ക് മരണം ഉറപ്പായിരുന്നു ഈ അസുഖത്തിന് മരുന്നു ഇല്ലായിരുന്നു എന്നത് ഉയർത്തി പ്രളയത്തെ അതിജീവിച്ച പോലെ നാം അതിജീവിച്ചു മറ്റൊരാളുടെ ജീവനുവേണ്ടി സ്വന്തം ജീവൻ നൽകിയ അമല സിസ്റ്റർ ഇതിനുദാഹരണമാണ് ഇതിനുള്ള മരുന്ന് വന്നതോടെ നിപ്പാ എന്ന അസുഖത്തിന് ഭീതി പറഞ്ഞു ഇനി ഒരു പ്രളയം വന്നാൽ അതിനെ അതിജീവിക്കാനുള്ള കരുത്ത് നമുക്കില്ല

റിയ സുകുമാർ<br>X I

# വായന

# ബാർലി

ആധുനിക സമകാലീന എഴുത്തുകാരനായ എം കെ മനോഹരന്റെ ഒരു കൊച്ചു കഥയാണ് ബാർലി. ഒരിക്കൽ പോലും കാണാത്ത ഒരാളുമായി അയാളുടെ ബാർലി കുടിക്കുന്നതിലൂടെ ഉണ്ണികൃഷ്ണൻ എന്ന വ്യക്തിക്ക് ആത്മബന്ധം ഉണ്ടാകുന്നു. കുഞ്ഞബ്ദുള്ള എന്നായിരുന്നു ആ ബാർലിക്കാരന്റെ പേര്. രണ്ടു മാസങ്ങൾക്ക് ശേഷം ഉണ്ണികൃഷ്ണൻ വീണ്ടും ബാർലി കുടിക്കാൻ വന്നപ്പോൾ അയാൾക്ക് ആ ബാർലി കുടിക്കാനാവുന്നില്ല. എന്തോ അരുചി തോന്നി. എന്താ കാരണമെന്ന് അവിടെത്തെ വെയ്റ്ററോട് അന്വേഷിച്ചറിഞ്ഞത് ഇപ്പോൾ മറ്റൊരാളാണ് ബാർലി ഉണ്ടാക്കുന്നതെന്നും

ആദ്യത്തെയാൾ കഴിഞ്ഞാഴ്ച മരിച്ചു പോയെന്നും. കുഞ്ഞബ്ദുള്ളയുടെ സ്വഭാവഗുണം പോലെതന്നെ കേമമാണ് അദ്ദേഹത്തിന്റെ ബാർലി എന്നും അയാൾ എടുത്തു പറഞ്ഞു. അതിൽ നിന്ന് ബാർലിക്കാരൻ ഒരു നല്ല വ്യക്തിയായിരുന്നു എന്ന് മനസിലാക്കാൻ സാധിക്കും. ഓരോ ആളുടെ മനസ്ഥിതി പോലെയിരിക്കും അവർ ചെയ്യുന്ന ഓരോ കാര്യവും. സന്മനസുള്ളവർ ചെയ്യുമ്പോൾ അതെന്നും ഒരു നന്മ നിറഞ്ഞ കാര്യമായി മാറും. നമ്മൾ ചെയ്യുന്ന കാര്യങ്ങൾ സന്തോഷത്തോടെ ചെയ്താൽ അത് അനുഭവിക്കുന്നർക്കും സന്തോഷം ലഭിക്കും.

ഇതുവരെ കണ്ടിട്ടില്ലാത്തതും പരിചയമില്ലാത്തതുമായ കുഞ്ഞബ്ദുള്ള പെട്ടെന്ന് ഉണ്ണികൃഷ്ണന് തന്റെ ഉറ്റ സുഹൃത്തായി അനുഭവപ്പെടുന്നു. പിന്നീടയാൾ കുഞ്ഞബ്ദുള്ളയുടെ വീടന്വേഷിച്ച് പോവുകയാണ്. തന്റെ ഉറ്റ സുഹൃത്തിന്റെ വീടെന്ന പോലെ അയാളും അയാളുടെ ഭാര്യ സവിതയും ആ വീട്ടിലേക്ക് പ്രവേശിക്കുന്നു.കുഞ്ഞബ്ദുള്ള എന്ന പേരുകൊണ്ട് നമ്മുക്ക് അതൊരു മുസൽമാനാണെന്നും ഊഹിക്കാൻ സാധിക്കും. ഈ മതത്തിനെ വിധവയായ സ്ത്രീകളെ നാല് മാസം വരെ പുറം ലോകം കാണിക്കാൻ പാടില്ല. രക്തബന്ധുകളെല്ലാതെ മറ്റാരും കാണാൻ പാടില്ല. എന്നാൽ ഈ കഥയിൽ ഒരു ബന്ധവുമില്ലാത്ത ഉണ്ണികൃഷ്ണനും ഭാര്യയും കുഞ്ഞബ്ദുള്ളയുടെ ഭാര്യയെ കാണുകയും സംസാരിക്കുകയും ചെയ്യുന്നു. ഇവിടെ സ്ത്രീകൾക്കെതിരായി നിൽക്കുന്ന ആചാരങ്ങൾ ഇല്ലാതാവുകയാണ്. സ്ത്രീകൾക്കും സ്വതന്ത്രമായി ജീവിക്കാനുള്ള അവകാശമുണ്ട് എന്ന സന്ദേശം ഇവിടെ ലഭിക്കുന്നു. പരമ്പരാഗതമായ ഇത്തരത്തിലുള്ള അനാചാരങ്ങൾ ഇല്ലാത്ത സ്വതന്ത്രമായ ലോകത്തെ നമ്മുക്കിവിടെ കാണാൻ സാധിക്കുന്നു. കുഞ്ഞബ്ദുള്ളയുടെ മകളുടെ പേര് ഗോറയെന്നാണ്.അതിനർത്ഥം ആകാശം പൊട്ടി വീണു.കുഞ്ഞബ്ദുള്ളയുടെ ഭാര്യ നിങ്ങളിക്കായുടെ ആരാണെന്ന് ആവർത്തിച്ച് ചോദിക്കുന്നുണ്ട്. ആ സമയമൊക്കെ സവിത ആരുമെല്ലെന്ന് മറുപടി പറയും.

കുഞ്ഞബ്ദുള്ള എന്ന മഹാമനസ്കന്റെയും അയാളുടെ കുടുംബത്തിന്റെയും മുമ്പിൽ അവർ ആരുമല്ല,ഒന്നുമല്ല എന്ന് സവികയ്ക്കുതന്നെ തോന്നുന്നു.അതുകൊണ്ട് കുഞ്ഞബ്ദുള്ളയുടെ ഭാര്യ ആ ചോദ്യംആവർത്തിക്കുന്തോറും സവിത ഈ ഉത്തരം തന്നെ മറുപടി നൽക്കുന്നു.അവർക്കു രണ്ടുപേർക്കും വൃദ്ധയായ ഒരുമ്മ അടുക്കളയിൽ നിന്ന് രണ്ടു ഗ്ലാസ്സ് ബാർലി കൊണ്ടു വന്നു. അതിന്റെ രുചി സങ്കടെ നിറഞ്ഞതായി അവർക്ക് തോന്നി. അടുക്കളയിൽ കുഞ്ഞബ്ദുള്ള ഉള്ളതായും തോന്നലുണ്ടായി. പക്ഷെ അവർക്ക് അയാളെ കാണണമെന്നില്ല.അയാളുടെ സാന്നിധ്യമുണ്ടായാൽ മത്. ചില അടുപ്പമുള്ള വ്യക്തികൾ അങ്ങനെയാണ്.അവരീലോകത്തില്ലെങ്കിലും അവരുടെ സാന്നിധ്യം നമ്മുക്കെപ്പോഴും അനുഭവപ്പെടും. അവർ നമ്മെ വിട്ടു പോയി എന്ന ചിന്ത നമ്മുക്ക് ഒരിക്കലും ഉണ്ടാവില്ല. കുഞ്ഞബ്ദുള്ളയുടെ ഭാര്യയോട് പേരെന്താണെന്ന് ആരാഞ്ഞു. അപ്പോൾ ആ സ്ത്രീ സൗമിനിയെന്ന് മറുപടി നൽകി. അതൊരു ഹിന്ദു സ്ത്രീയുടെ പേരാണ്. ഈ അവസ്ഥയിൽ കഥ മതമെന്ന വേലിക്കെട്ട് മറികടന്നിരിക്കുകയാണ്. മനുഷ്യരുടെ മനസിനാണ് അല്ലാതെ മതത്തിനല്ല പൊരുത്തം വേണ്ടത് എന്ന സന്ദേശം കഥാകൃത്ത് ഈ സന്ദർഭത്തിൽ നൽക്കുന്നു. വീണ്ടും സൗമിനി ചോദ്ക്കുകയാണ് നിങ്ങളാരാണെന്ന്. അപ്പോഴും സവിത ആരുമല്ല ഞങ്ങളൊന്നുമല്ല എന്ന പഴയ ഉത്തരം തന്നെ ആവർത്തിക്കുന്നു.

ഈ കഥയിൽ കഥാകൃത്ത് മനുഷ്യബന്ധങ്ങളുടെ ഊഷ്മളതയും അതിന്റെ ബലമെന്തെന്നും നമ്മുക്ക് മനസിലാക്കിത്തരുന്നു. ഒരാളുമായുള്ള പരിചയത്തിൽ നിന്നോ ശരീരത്തിൽ നിന്നോ അല്ല ബന്ധം ഉണ്ടാവുന്നത് ആത്മാവിൽ നിന്നും മനസ്സിൽ നിന്നുമാണ്. ഈ കഥയിൽ കഥാകൃത്ത് സമകാലീനമായ കാര്യങ്ങൾ വളരെ ലളിതമായി അവതരിപ്പിക്കുന്നു. സാധാരണക്കാരുടെ ജീവിതവുമായി ബന്ധിപ്പിച്ചുകൊണ്ട് വളരെ ഗഹനമായ ആശയങ്ങൾ എല്ലാ വായനക്കാർക്കും ശ്രവിക്കാവുന്നരീതിയിലുള്ളതാണ്.



NANDANA DINESHAN
X A

## Folk-tales from around the world

ഞാൻ വായിച്ച പുസ്തകത്തിൻറെ പേര്“ Folk-tales from around the world” എന്നാണ്. ഈ പുസ്തകത്തിൽ കുറെ ഇംഗ്ലീഷ് കഥകൾ അടങ്ങിയിട്ടുണ്ട്. ലോകത്തിലെ ഓരോ സ്ഥലങ്ങളിൽ ഉള്ള കഥകളാണ് ഈ പുസ്തകത്തിലുള്ളത്. ഇതിലെ ഇംഗ്ലീഷ് ഏത് ആൾക്കാർക്കും എളുപ്പമായി വായിച്ചെടുക്കാൻ കഴിയും മനോഹരമായ ചിത്രങ്ങളും പുസ്തകത്തിൽ അടങ്ങിയിട്ടുണ്ട്.

ഈ പുസ്തകത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥ “A man with a goitre” എന്നാണ്.ഇതിലെ പ്രധാന കഥാപാത്രങ്ങൾ രണ്ടാളും കുറേ പ്രേതങ്ങളും ആണ്. ഈ കഥ ഇങ്ങനെയാണ് തുടങ്ങുന്നത് ഒരാൾ അദ്ദേഹം വളരെ ദരിദ്രൻ ആയിരുന്നു അദ്ദേഹത്തിൻറെ കഴുത്തിൽ ഒരു പുഴയുണ്ടായിരുന്നു അദ്ദേഹത്തിന് ആകെയുണ്ടായിരുന്ന സമ്പാദ്യം ഒരേയൊരു പശുവാണ് ഒരു ദിവസം ആ പശു കയറു പൊട്ടിച്ച് ഓടി.അദ്ദേഹം അതിൻറെ പിന്നാലെ ഓടി. പക്ഷേ അത് എവിടെയോ അപ്രത്യക്ഷമായി. അദ്ദേഹം രാത്രിയായപ്പോൾ രണ്ടു ഗുഹകളുടെ അടുത്തെത്തി അവിടെ ഒരു ചെറിയ ഗുഹയും വലിയ ഗുഹയും ഉണ്ടായിരുന്നു. അദ്ദേഹം ആ ചെറിയ ഗുഹയിൽ വിശ്രമിക്കാൻ തീരുമാനിച്ചു. അവിടെ ഒരു പ്രേതം ഉണ്ടായിരുന്നു. വലിയ ഗുഹയിൽ ആകട്ടെ കുറെ പ്രേതങ്ങളും. അദ്ദേഹം ആ ചെറിയ ഗുഹയിൽ ഉറങ്ങി. അവിടെ ഉണ്ടായിരുന്ന പ്രേതം വലിയ ഗുഹയിലെ പ്രേതങ്ങളോടുപോയി പറഞ്ഞു ആ പ്രേതങ്ങൾ പറഞ്ഞു അദ്ദേഹത്തെ കഴിക്കാമെന്ന് എന്നാൽ ആ ചെറിയ ഗുഹയിൽ ഉണ്ടായ പ്രേതം പറഞ്ഞു അദ്ദേഹത്തെ കഴിക്കേണ്ട. അദ്ദേഹത്തിൻറെ കഴുത്തിൽ ഒരു മുഴയുണ്ട് അത് കഴിക്കാം.ആ പ്രേതങ്ങൾ മുഴ മുറിച്ചു കഴിച്ചു. രാവിലെ അദ്ദേഹം എഴുന്നേൽക്കുമ്പോൾ മുഴ കാണാതായിരിക്കുന്നു. അദ്ദേഹം ചെല്ലുമ്പോഴേക്കും അദ്ദേഹത്തിൻറെ പശുവിനെയും തിരിച്ചുകിട്ടി. നടന്നകാര്യങ്ങളെല്ലാം അദ്ദേഹം അദ്ദേഹത്തിനെ പോലെ മുഴയുള്ള ഒരാളോട് പറഞ്ഞു. അദ്ദേഹം ഇതേ പോലെ പശുവിനെ അഴിച്ചുവിട്ട് ചെറിയ ഗുഹയിൽ കയറി ഉറങ്ങി. രാവിലെ നോക്കുമ്പോൾ ഒരു മഴയുടെ സ്ഥാനത്ത് 2 മുഴ വന്നിരിക്കുന്നു. അദ്ദേഹത്തിൻറെ പശുവിനെയും തിരിച്ചുകിട്ടിയില്ല.
വേറെ ഒരു കഥ ” The capital of India” ഇതിൽ ഒരു കുട്ടി ദൈവത്തോട് മുംബൈ ഇന്ത്യയുടെ ക്യാപിറ്റൽ ആവാനാണ് പ്രാർത്ഥിച്ചത്. അവൻറെ അമ്മ പറഞ്ഞു നീ എന്തിനാണ് ഇങ്ങനെ ആഗ്രഹിക്കുന്നത് അപ്പോൾ കുട്ടി പറഞ്ഞു നാളെ എനിക്ക് പ്രതീക്ഷയുണ്ട് ഉണ്ട് ഞാൻ അപ്പോൾ മുംബൈ ആണ് ക്യാപിറ്റൽ എഴുതുക.അവനറിയാം അത് തെറ്റാണെന്ന് അതുകൊണ്ടാണ് അവൻ പ്രാർത്ഥിക്കുന്നത്.



NANDANA P V
IX B

പപ്പു_മനുഷ്യ സ്നേഹത്തിൻറെ ഉദാത്ത ഭാവം

കേശവദേവിന്റെ മനുഷ്യ ദർശനത്തെ സമ്പൂർണമായി പ്രകാശിപ്പിക്കുന്ന കൃതിയാണ് 'ഓടയിൽ നിന്ന്'. ഏറ്റവും ലളിതമെന്നു തോന്നിക്കുന്ന ഈ കഥയ്ക്ക് ദേവചൈതന്യം പകർന്ന്കൊടുത്തിരിക്കുന്നത് തന്റെ അനിതര സാധാരണമായ ത്യാജ്യഗ്രാഹ്യ വിവേചന ബോധം മുഖേനയാണ്. കേശവദേവിന്റെ മാസ്റ്റർപീസ് എന്ന് ഈ നോവലിനെ വിശേഷിപ്പിക്കാം. 1944 ൽ ആണ് ഈ കൃതി പ്രസിദ്ധീകരിച്ചത്.
പപ്പുവിന്റെ ബാല്യകാലം അവതരിപ്പിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. പള്ളിക്കൂടത്തിൽ അധ്യാപകൻ കാണിച്ച പക്ഷപാതത്തിനെതിരെ പപ്പു പ്രതികരിക്കുന്നു.സ്കൂൾ വിട്ട് വിശാലമായ ലോകത്തിലേക്ക് ഇറങ്ങിയപ്പോൾ പപ്പു എല്ലായിടത്തും കണ്ടത് ഈ പക്ഷഭേദം തന്നെയാണ്. അതുകൊണ്ടുതന്നെ തൊഴിലിടങ്ങളിലെ മർദ്ദനത്തിനും അടിമത്തത്തിനുമെതിരെ അവൻ ശക്തിയായി പ്രതികരിച്ചു. എന്നാൽ എല്ലായിടത്തും ഒറ്റപ്പെടുകയായിരുന്നു.അവന്റെ സിരകളിൽ അടിമത്തത്തിന്റെ പരമാണുവിനു പോലും പ്രവേശനമില്ല .തന്റെ ഇച്ഛാശക്തിക്കും അഭിമാനബോധത്തിനും സ്വാതന്ത്ര്യ ത്തിനുമെതിരെ ആരുമൊന്നും പറയുന്നത് അവന് ഇഷ്ടമല്ല .

ഒരുദിവസം പപ്പുവിന്റെ റിക്ഷ തട്ടി ലക്ഷ്മി എന്ന ഒരു കൊച്ചു പെൺകുട്ടി ഓടയിലേക്ക് വീണു.ഈ സംഭവം അയാളുടെ ജീവിതത്തിന്റെ ഗതിമാറ്റി. ലക്ഷ്മിയുടെ രക്ഷാകർതൃത്വം ഏറ്റെടുക്കുന്നതോടെ പപ്പുവിന് ജോലിചെയ്യാൻ കൂടുതൽ ഉത്സാഹം തോന്നി. ഇന്നലേയും നാളേയും ഇല്ലാതെ ജീവിച്ച അയാളുടെ ജീവിതത്തിന് കൃത്യമായ ലക്ഷ്യങ്ങൾ ഉണ്ടായി. ലക്ഷ്മി അയാളെ അമ്മാവൻ എന്ന് വിളിച്ചു. പപ്പു അവൾക്കു വിദ്യാഭ്യാസം നൽകി പ്രോത്സാഹിപ്പിച്ചു. അവളെ ഉന്നതനിലയിൽ എത്തിക്കുക എന്ന ലക്ഷ്യത്തെ തടയുന്ന എല്ലാ ശക്തികളെയും അയാൾ തകർത്തു. ലക്ഷ്മി വളരുന്നതോടെ അവരുടെ ആവശ്യങ്ങളും വർദ്ധിച്ചു നിറവേറ്റാനായി അയാൾ വിശ്രമമില്ലാതെ ജോലി ചെയ്തു. അയാളുടെ ആരോഗ്യം ക്ഷയിച്ചു തുടങ്ങി. എന്നിട്ടും അയാൾ അവൾക്ക് വേണ്ടി അധ്വാനിച്ച് കൊണ്ടിരുന്നു. പണക്കാരനായ ഗോപി ലക്ഷ്മിയെ വിവാഹം ചെയ്യാൻ ആഗ്രഹമുണ്ടെന്ന് അറിയിച്ചു. അപ്പോൾ അയാൾ അത് സ്വീകരിച്ചു. ലക്ഷ്മിയമ്മ കല്യാണിയും തന്നിൽ നിന്ന് പതുക്കെ പതുക്കെ അകലുന്നത് അയാൾ തിരിച്ചറിയുന്നുണ്ടായിരുന്നു. താൻ ഇത്രയും കാലം ജീവിച്ചത് ലക്ഷ്മിക്കു വേണ്ടിയായിരുന്നു. ഇനി അവൾക്ക് വേണ്ടി ജീവിക്കാൻ മറ്റൊരാൾ ഉണ്ട് എന്ന് അയാൾ തിരിച്ചറിഞ്ഞു. അവളുടെ അമ്മ കല്യാണിയും വേദനിച്ച അയാൾ ജീവിതത്തിൽ നിന്നുതന്നെ അകന്നുപോകുന്നു. നോവലിൻറെ അവസാനം നാം കാണുന്ന അനന്തതയിലേക്ക് ചുമച്ച് നീങ്ങുന്ന പപ്പുവിനെ സൂചിപ്പിക്കുന്നത് ഇതുതന്നെയാണ് ഓടയിൽ നിന്ന് പെറുക്കിയെടുത്ത ജീവിതം നൽകിയ ലക്ഷ്മി അവളുടെ അമ്മ തന്നെയാണ് ഇപ്പോൾ ശരിക്കും മനസ്സിലാക്കാൻ കഴിഞ്ഞില്ല. അമ്മാവൻറെ മഹത്വം അറിയാൻ ലക്ഷ്മി സ്നേഹിക്കുന്ന ആദർശ ശാലിയായ ഗോപിയുടെ സഹായം വേണ്ടിവന്നു.

കേരളത്തിലെ സാധാരണക്കാരുടെ പ്രത്യേകിച്ച് തൊഴിലാളികളുടെ പൗരുഷത്തെ മഹത്വവൽക്കരിക്കുന്ന മറ്റൊരു നോവൽ മലയാളത്തിൽ ഉണ്ടായിട്ടില്ല എന്നു പറയാം . പപ്പുവിലൂടെ തൊഴിലിന്റെ മഹത്വം മനുഷ്യ സ്നേഹത്തിൻറെ ഉദാത്ത ഭാവവും ഉയർത്തിക്കാണിക്കുന്ന ഈ നോവൽ മാനുഷികമൂല്യങ്ങളുടെ പുതിയ മാനങ്ങൾ സൃഷ്ടിക്കുന്നു. എതിർപ്പിനും താൻപോരിമയും സ്വഭാവം ഏറെ പറഞ്ഞിട്ടുള്ള പപ്പു എന്ന കഥാപാത്രത്തിന് സൃഷ്ടിയിലൂടെ കേശവദേവ് രചനാപരമായ ഏറ്റവും വലിയ വെല്ലുവിളിയാണ് ഏറ്റെടുത്തത്. അധ്വാനത്തിനെ

മഹത്വത്തിലും ബ്രിഡ്ജ് വിശ്വാസത്തിൻറെ വീര്യത്തിൽ ഊന്നിക്കൊണ്ടുള്ള ഈ നായകൻ സൃഷ്ടി സാമൂഹിക ജീവിതത്തിൻറെ വിജയ പാതയായി വാഴ്ത്തപ്പെട്ടു. ബാബുവിനെ സ്വഭാവത്തിൽ ആരെയും കൂസാത്ത ആർക്കു മുമ്പിലും തലകുനിക്കാത്ത ഒരു ധിക്കാരി ഉള്ളൂ കേരളത്തിലെ അധ്വാനിക്കുന്ന വർഗ്ഗത്തിൻറെ ജാതകം ജാഗ്രത്തായ ആത്മാഭിമാനത്തിന് പ്രതിബിംബമായി ഈ നോവലിൽ തലയുയർത്തി നിൽക്കുന്നു. തൻറെ അഭിമാനത്തെ സ്പർശിക്കുന്ന ഒരു വാക്ക് ആരിൽനിന്നും ഉണ്ടായാലും പപ്പു കോപം കൊണ്ട് ജ്വലിച്ചു നിൽക്കും. ഇതിനുദാഹരണമായി ചൂണ്ടിക്കാണിക്കാവുന്ന നിരവധി സന്ദർഭങ്ങൾ നോവലിലുണ്ട്. നാടകീയതയുടെ വാചാലത ഇല്ലാതെ ഘടനയിൽ ഒതുങ്ങിയിരിക്കുകയാണ് ഈ നോവലിലെ പല രംഗങ്ങളും. ഏതെങ്കിലും നോവലും സംയുക്തതയും ,സാന്ദ്രതയും കേശവദേവ് കൊണ്ടു നടന്നിട്ടുണ്ടെങ്കിൽ ഈ നോവൽ രചനയിൽ മാത്രമാണ് .

# ശാസ്ത്രം

**ആരോഗ്യപരവും മികച്ചതുമായ പരിസ്ഥിതിക്കായുള്ള എണ്ണസംരക്ഷണം**

ആരോഗ്യകരവും മെച്ചപ്പെട്ടതുമായ പരിസ്ഥിതിക്കായുള്ള എണ്ണസംരക്ഷണമാണ് കാലത്തിന്റെ ഏറ്റവും വലിയ ആവശ്യകത മനുഷ്യൻ ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന നിരക്ക് വരുംതലമുറകൾക്കായി ഭാവിയിലെ വിഭവങ്ങൾ വിനിയോഗിക്കുക മാത്രമല്ല നമ്മുടെ പരിസ്ഥിതിയെ ഭയാനകമാക്കുകയും ചെയ്യുന്നു . ഫോസിൽ ഇന്ധനങ്ങളുടെ അമിത ഉപയോഗത്തിന്റെ അനന്തരഫലവും വീഴ്ചയും മനുഷ്യനെ പ്രതികൂലമായി ബാധിക്കുന്ന താർ പോലുള്ള ഉൽപന്നം ഉപയോഗിച്ച് മലിനമാക്കുന്ന സുതാര്യമായ ജീവൻ പിന്തുണയ്ക്കുന്ന വാതകങ്ങളുടെ ഭീമാകാരമായ ബലൂൺ പോലെയാണ് നമ്മുടെ പരിസ്ഥിതി. എണ്ണ സംരക്ഷിക്കുന്നത് ഭാവിയിൽ എണ്ണ ശേഖരംനിലനിർത്തുക മാത്രമല്ല ചെയ്യുന്നത്. കൂടാതെ പരിസ്ഥിതി സംരക്ഷിക്കാൻ സഹായിക്കുകയും ചെയ്യുന്നു. എണ്ണയുടെ അശ്രദ്ധമായ ഉപയോഗം അനാവശ്യ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നു

മറ്റെല്ലാ വിഭവങ്ങളെയും പോലെ ദിവസവും നാം ഉപയോഗിക്കുന്ന ഏറ്റവും വിലയേറിയ ഒന്നാണ് എണ്ണ.ഭക്ഷ്യ എണ്ണ, പെട്രോളിയം,മണ്ണെണ്ണ മുതലായവയുടെ അടിസ്ഥാനത്തിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു അനുദിനം ജനസംഖ്യ ആകാശത്ത് സ്പർശിക്കുന്നു അതിൽ എണ്ണവിഭവങ്ങളും ഉയർന്ന ശരാശരി ഉപഭോഗം ചെയ്യുന്നു അതിവേഗ ഉപഭോഗം കാരണം ഇത്തരം വിഭാഗങ്ങളുടെ അളവ് കുറയുന്നു .കാരണം ആവ രൂപപ്പെടാൻ വളരെയധികം സമയം എടുക്കുന്നു .രൂപീകരണത്തിനായി അവർ എടുക്കുന്ന സമയം മനസ്സിൽ വച്ചുകൊണ്ട് നാളെക്കായി അവ സംരക്ഷിക്കേണ്ടത് നമ്മുടെ പ്രധാന ഉത്തരവാദിത്തമാണ് .പെട്രോളിയത്തിൽ നിന്ന് ഓടുന്ന വാഹനങ്ങളിൽ നിന്ന് മാറ്റി സ്ഥാപിച്ച് സുസ്ഥിര ഗതാഗതം പരിശീലിപ്പിക്കുന്നത് പരിസ്ഥിതിയിൽ നിന്ന് മലിനീകരണത്തിന്റെ നാമനിർദ്ദേശം തുടച്ചുനീക്കുന്നതിൽ നല്ല സ്വാധീനം ചെലുത്തും സുസ്ഥിരഗതാഗതവും സൗരോർജവും ഉപയോഗിച്ച് എണ്ണവിഭവങ്ങളും പരിസരവും നാം സംരക്ഷിക്കണംഫോസിൽ ഇന്ധനങ്ങൾ കത്തിക്കു ന്നത് ഈ മനോഹരമായ ഭൂമിയെ തകരാറിലാക്കി അതിൻറെ ശുദ്ധതയും സൗന്ദര്യവും വീണ്ടെടുക്കുക എന്നത് കഠി നകരമാണ് . വിഡ്ഢിയായ മനുഷ്യൻ തന്റെ അസ്തിത്വം ഈ ഭൂമിയെ ആശ്രയിച്ചിരിക്കുന്നുവെന്ന് കാണാൻ പരാജയപ്പെട്ടു .ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുമ്പോൾ പുറത്തുവിടുന്ന കാർബൺഡയോക്സൈഡ് ആഗോളതാപനത്തിന് കാരണമാകുന്ന ഒന്നാണ് . ഭൂമിയുടെ താപനിലയിലെ വർദ്ധനവ് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നതിനും സമുദ്രനിരപ്പ് ഉയരുന്നതിനും കാരണമാകുന്നു.ഇത്തരം അവസ്ഥ തുടരുകയാണെങ്കിൽ സമീപഭാവിയിൽ നമ്മുടെ ഗ്രഹത്തിന് ചില ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരും

പരിസ്ഥിതിയെ തകർക്കുന്ന അതിനുപുറമേ ബന്ധങ്ങൾ പഠിക്കുന്നതിലൂടെ ഉല്പാദിപ്പിക്കുന്ന വാതകങ്ങൾ വായു മലിനീകരണത്തിനു ആത്മഹത്യക്കു കാരണമാകുമെന്നു കൂടാതെ ശ്വാസകോശസംബന്ധമായ രോഗങ്ങൾ തകരാറുകൾ ശ്വാസകോശ അർബുദം എന്നിവയിലേക്ക് നയിക്കുന്നു ദീർഘകാല എക്സ്പ്രഷൻ സാധാരണക്കാരുടെ വിശ്വാസസംബന്ധമായ അണുബാധകൾ വർധിപ്പിക്കുന്ന പാരിസ്ഥിതിക സംഗീതമാകുന്ന വിഷവസ്തുക്കൾ സസ്യങ്ങളെയും ജന്തുക്കളെയും പ്രതികൂലമായി ബാധിക്കുന്നു വിദേശ രാജ്യങ്ങളിൽ നിന്ന് ഏറ്റവും കൂടുതൽ എണ്ണ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ നമ്മുടെ ദേശീയ ഫണ്ടുകളിൽ വലിയൊരുഭാഗം എണ്ണ ഇറക്കുമതി ചെലവഴിക്കുന്നു കണക്കനുസരിച്ച് 2018 19 ഇന്ത്യ 115.1 ഡോളർ ചെലവഴിച്ച് മറ്റെന്തെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ കണ്ണൂരിൽ ഭൂരിഭാഗവും ലഭിക്കാനും മറ്റു വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാനും കഴിയുമായിരുന്നു മാത്രം

ആവശ്യമല്ല ജനങ്ങളുടെയും പങ്കാളിത്തത്തിലൂടെ ഈ മഹത്തായ ദൗത്യം നിറവേറ്റാൻ കഴിയും ഉപയോഗമാണ് ഈ സമയം ഏറ്റവുമധികം ഉപയോഗിക്കുന്ന നിലവിലെ നിരക്ക് തികച്ചും ആശങ്കാജനകമാണ് ഉപേക്ഷിച്ചില്ലെങ്കിൽ നമ്മെ വളരെ സ്വാർത്ഥ തലമുറയായി കണക്കാക്കി നമ്മുടെ പ്രവർത്തികൾ ഒരുമിച്ച് ചേർക്കേണ്ടതുണ്ട് സുസ്ഥിര വികസനത്തിന് പാത പിന്തുടർന്ന് ആരോഗ്യകരവും സമ്പന്നവുമായ ഒരു ഗ്രഹത്തെ കൈവശപ്പെടുത്തിയത് നമ്മുടെ ഉത്തരവാദിത്വമാണ് സാമ്പത്തിക പ്രവർത്തനങ്ങളുടെ വർധനവും  ജനസംഖ്യ വർധനവും ഗതാഗത മേഖലയിൽ പ്രത്യേകിച്ച് നഗര ഇന്ത്യയിൽ വൻ ഡിമാൻഡി ലേക്ക് നയിച്ചു. തമിഴ് സമീപഭാവിയിൽ ഇന്ത്യയിലെ ജനസംഖ്യ അഞ്ചിരട്ടിയായി വർദ്ധിച്ച 200 ലക്ഷമായി ഉയരും എന്നാണ് പ്രതീക്ഷ. മലിനീകരണവും ഭയാനകമായി വളരും ഈ വമ്പിച്ച വളർച്ചയോടെ നഗരപ്രദേശങ്ങളിലെ വായു ശബ്ദമലിനീകരണം നേതൃത്വത്തിൽ ആക്കുന്നത് നിർണായകമായ ഒരു ആശങ്ക ഉയർന്നു വന്നിട്ടുണ്ട്. റോഡുകളിൽ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുക എന്നത് ഇത്തരം പ്രശ്നങ്ങളുടെ പരിഹാരം ആണ് വാഹനങ്ങൾ മലിനീകരണം 16 ലക്ഷം മെട്രിക് ടൺ വരെ കുറയ്ക്കും മലിനീകരണമുണ്ടാക്കുന്ന വാഹനങ്ങൾക്ക് പകരം സ്മാർട്ട് സീറോ എമിഷൻ വാഹനങ്ങൾ സ്ഥാപിക്കാൻ സർക്കാർ ആളുകളെ പ്രോത്സാഹിപ്പിക്കുകയും വേണം ഇതിനായി സർക്കാർ കർശന നിയമങ്ങൾ ഉണ്ടാക്കണം .

കുറഞ്ഞ തോതിലുള്ള  മൂവിംഗ് സ്പേസ് ഉള്ള വലിയ പൂന്തോട്ടങ്ങൾ, ഇലക്ട്രിക് ,സൗരോർജം എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന കാറുകൾ നിർമ്മിക്കുക ,സാധ്യമാകുമ്പോൾ എല്ലാം നടക്കുക, കാർ പൂൾ ചെയ്യുക അല്ലെങ്കിൽ പൊതുസബ് വേകൾ  ബസ്സുകൾ മുതലായവ ഉപയോഗിക്കുക. വളരെയധികം എണ്ണ ഉപയോഗിക്കാത്ത എവിടെയെങ്കിലും പോകാനുള്ള അതിവേഗ മാർഗം കണ്ടെത്താൻ ജി പി എസ് ഉപയോഗിക്കുക.

.



സയന പി വി

# ഐ. ടി

It carries a world of opportunity

Information technology is a fascinating career field equally challenging,relatively easy to get into and for the right individual,it also can be quite lucrative. In all industries,it personnel are in demand and employees are willing to pay for top notch professionals. Both the increasing dependence of organization on computing and communication technologies and the rapid proliferation of technology products in market place have created more opportunities for computer related career than ever before.

The explosive demand for computer professionals has been accompanied by an unusually acute shortage of qualified people,a trend that is also expected to persist for sometime. A major cause of this is shortage of the experts one of the many myths have propagated in the computer field is that virtually anyone can become a millionaire or be president of his or her own company. For all it related to occupations,technical and professional certifications are growing more popular and increasingly important. It workers must continua tingly update and acquire new skills to remain qualified in this dynamic field. Competition of vocational training also is an asset.



ദേവനന്ദന
IX D

# സാംസ്കാരികം

# ഞാൻ അറിയുന്ന ഗാന്ധി

കുട്ടികളുടെ പ്രിയങ്കരനായ ബാപ്പൂജി നമ്മുടെ രാഷ്ട്രപിതാവ്, എംകെ ഗാന്ധി എന്ന മോഹൻദാസ് കരംചന്ദ് ഗാന്ധി.1869 ഒക്ടോബർ 2-ന് ഗുജറാത്തിലെ പോർബന്തറിൽ ആണ് ജനിച്ചത്.ഗാന്ധിയുടെ ഓർമ്മ ദിനങ്ങളായി നമ്മൾ ഒക്ടോബർ 2 ഗാന്ധിജയന്തി,ജനുവരി 30 രക്തസാക്ഷിത്വ ദിനമായി ആചരിക്കുന്നു .കരംചന്ദ് ഗാന്ധിയുടേയും പുത്തലീഭായിയുടേയും മകനാണ് ഗാന്ധിജി.കരംചന്ദ് ഗാന്ധിയുടെ നാലാമത്തെ ഭാര്യയാണ് പുത്തലീഭായി . അവരുടെ നാലാമത്തെ മകനാണ് നമ്മുടെ  ഗാന്ധിജി. 1881-ൽ ഗാന്ധിജി അദ്ദേഹത്തിൻറെ പതിമൂന്നാം വയസ്സിൽ ഗോകുൽദാസ് മക്കാഞ്ചി എന്ന വ്യാപാരിയുടെ മകളായ കസ്തൂർബയെ വിവാഹം കഴിച്ചു . തുടർന്ന് അദ്ദേഹം 1888 നിയമം പഠിക്കാനായി ഇംഗ്ലണ്ടിലേക്ക് പോയി .പഠനം പൂർത്തിയാക്കിയ ശേഷം ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധി മുംബൈ കോടതിയിൽ ജോലി ആരംഭിച്ചു. ആദ്യ കേസിൽ തന്നെ പരാജയപ്പെട്ടതിനാൽ അദ്ദേഹം ദക്ഷിണാഫ്രിക്കയിൽ ചെന്ന് അവിടുത്തെ ഇന്ത്യക്കാർക്ക് വേണ്ടി വർണവിവേചനത്തിനെതിരായി പോരാടി. അതിനു ശേഷം ഇന്ത്യയിൽ വന്ന്  സ്വാതന്ത്ര്യസമരങ്ങളിൽ ഏർപ്പെട്ടു. ബീഹാറിൽ നടന്ന ചമ്പാരൻ സത്യാഗ്രഹം ആണ് അദ്ദേഹത്തിൻറെ ആദ്യ സത്യാഗ്രഹം. പിന്നീട് നിരവധി സത്യാഗ്രഹത്തിന് നേതൃത്വം നൽകി. തൊട്ടുകൂടായ്മ എതിരെയും ജാതി മതം വർണ്ണം എന്നിവയുടെ പേരിലുള്ള വിവേചനത്തിനെതിരെയും സമരം ചെയ്തു . സമാധാനത്തിന്റെ മാർഗത്തിലൂടെ വിജയം കൈവരിച്ച വ്യക്തിയാണ് അദ്ദേഹം. പിന്നീട് 1947 ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിക്കൊടുത്തു. 1948 ജനുവരി 30 ന് രക്തസാക്ഷിയായി തീർന്നു.

# അനുഭവക്കുറിപ്പ്

# ഓർമ്മച്ചെപ്പ്

അവിടം തീർത്തും ശാന്തമായിരുന്നു. ആരും തന്നെ എങ്ങുമില്ല . ആ ഒരു നിമിഷത്തിലാണ് ആദ്യമായി ഞാൻ അവരെ കണ്ടുമുട്ടുന്നത്. ഏകനായി നിൽക്കുന്ന എനിക്ക് അവരെ കണ്ടപ്പോൾ ആദ്യം ഒരു പരിഭ്രമം ആയിരുന്നു. കാരണം ഇതുവരെ അത്തരം സൗഹൃദങ്ങളിൽ ഒന്നും ഞാൻ ഏർപ്പെട്ടിരുന്നില്ല. അത്രയ്ക്ക് സ്നേഹിക്കുന്ന കൂട്ടുകാരും എനിക്കില്ലായിരുന്നു. എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല . അവരെ കണ്ടപ്പോൾ ഒറ്റനോട്ടത്തിൽ എൻറെ മനസ്സ് ഒരു നീരസം തോന്നിയിരുന്നു. എങ്കിലും എൻറെ സങ്കടങ്ങൾ പങ്കുവെക്കാനും എൻറെ സന്തോഷങ്ങൾ ഒന്നിച്ചു അനുഭവിക്കാനും എന്നെ സഹായിക്കാനും എനിക്ക് ഒരു സുഹൃത്ത് വേണമെന്നു തോന്നി. സുഹൃത്തുക്കളെ അന്വേഷിച്ചുള്ള എൻറെ യാത്ര ഇവിടെ തുടങ്ങുകയാണ് .എന്താകുമെന്നു ഒരു നിശ്ചയവും ഇല്ല. എനിക്ക് എൻറെ ലക്ഷ്യത്തിൽ എത്തണമെന്ന് മാത്രമേ മനസ്സിൽ ഉണ്ടായിരുന്നുള്ളൂ. അങ്ങനെ കൂട്ടുകാരെ അന്വേഷിച്ചാണ് ഇവിടെ എത്തിയത്. അതിനിടയിൽ പലരെയും കണ്ടുമുട്ടി. പലരെയും ഞാൻ സഹായിച്ചിട്ടുണ്ട് എന്നിട്ടും എനിക്ക് ഒരു സുഹൃത്ത് എന്ന് പറയാൻ ഒരാളെ പോലും ലഭിച്ചില്ല.അങ്ങനെ നിരാശയോടെ ഞാൻ എൻറെ അന്വേഷണം അവസാനിപ്പിച്ചു നിരാശയുടെ വക്കത്ത് നിൽക്കുമ്പോഴാണ് അതു സംഭവിച്ചത്, എൻറെ മനസ്സിൽ എനിക്കും വേണം എന്ന് തോന്നിപ്പിച്ച ആ നാല് സുഹൃത്തുക്കൾ എൻറെ മുന്നിൽ നിൽക്കുന്നു. ആ നിമിഷം എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. എൻറെ ജീവിതത്തിലെ ഏറ്റവും മഹനീയമായ നിമിഷം ആണ് അന്ന്. കാരണം അവർ എന്നോട് ചോദിച്ചത് ഞങ്ങളോടൊപ്പം കൂടുന്നോ എന്നാണ്. ഇത്രയും അന്വേഷിച്ചിട്ടും എനിക്ക് ലഭിക്കാതെപോയത് ഒരു നിമിഷം കൊണ്ട് കിട്ടി. അങ്ങനെ ആ നാല് സുഹൃത്തുക്കളുടെ ഇടയിൽ ഞാനും കൂടി വന്നു. അങ്ങനെ ഞങ്ങൾ അഞ്ചു പേർ. പിന്നീടുള്ള ജീവിത സന്തോഷത്തിന്റേയും അസുരഭ നിമിഷത്തിന്റേയുമായിരുന്നു. ഞങ്ങൾ അഞ്ചുപേരും പരസ്പരം സഹായിച്ചും സ്നേഹിച്ചും ഇണങ്ങിയും പിണങ്ങിയും ജീവിച്ചു. എങ്ങനെ ഇത്രയും പെട്ടെന്ന് അവർ എൻറെ അടുത്ത് വന്നുയെന്ന് നിങ്ങൾക്ക് അറിയുമോ? കൂട്ടുകാരെ അന്വേഷിക്കുന്നതിന് ഇടയിൽ ഒരുപാട് പേരെ സഹായിച്ചിരുന്നു. അതിനിടയിൽ ഞാൻ ഇവരെയും സഹായിച്ചു ഞാൻ ഇവർക്ക് അ ചെയ്തുകൊടുത്ത സഹായം എന്നെ സംബന്ധിച്ചിടത്തോളം വളരെ ചെറുതാണ് എന്നാൽ അവർക്ക് അവരെ സംബന്ധിച്ച് വളരെ വലുതും. ഇപ്പോൾ നിങ്ങൾ ചിന്തിക്കുന്നുണ്ടാകും എന്താണ് സംഭവം എന്ന്! ഞാൻ അവർക്ക് ഒരു കുപ്പി വെള്ളം കൊടുത്തു സഹായിച്ചു.ഒരു കുപ്പി വെള്ളത്തിനു ജീവൻറെ വില ഉണ്ടായിരുന്നുവെന്ന് ഞാനറിഞ്ഞില്ല.അന്ന് ഞാൻ ഒരു കുപ്പി വെള്ളം കൊടുത്തു സഹായിച്ചിരുന്നില്ലെങ്കിൽ ഇന്ന് ഞങ്ങളുടെ കൂട്ടത്തിൽ അഞ്ചുപേരിൽ നാല് പേർ മാത്രമേ ഉണ്ടാവുകയുള്ളൂ. ആ കൂട്ടത്തിലെ ഒരാളുടെ ജീവൻ രക്ഷിച്ചതിന് ആണ് തന്നെയും അവരുടെ കൂടെ കൂടിയത്. ഇന്ന് എല്ലാവരും പല നാട്ടിൽ. എല്ലാവർക്കും ജോലി കിട്ടി.ജോലി കിട്ടിയപ്പോൾ സൗഹൃദങ്ങൾ ഇട്ടെറിഞ്ഞ് അന്യനാടുകളിലേക്ക് പോയി. എല്ലാ സൗഹൃദങ്ങളും പാതി വഴിയിൽ നിന്ന പോലെ എന്റെ സൗഹൃദവും പാതിവഴിയിൽ നിന്നു പോയി. എൻറെ സൗഹൃദ കഥകൾ എൻറെ ഓർമ്മ പുസ്തകത്തിൽ മാത്രമായി മാറി. എൻറെ കഥകൾ വെറും ഓർമ്മച്ചെപ്പുകൾ ആയി.

ഫാത്തിമ
VII C

## ഡ്രൈവിംഗ് ലൈസൻസ്

ഞാൻ അവസാനമായി തീയേറ്ററിൽ പോയി കണ്ട സിനിമ പ്രശസ്ത സിനിമാ നടൻ പൃഥ്വിരാജ്നടൻ അഭിനയിച്ചു ചിത്രം ഡ്രൈവിംഗ് ലൈസൻസാണ്. ഈ സിനിമ എല്ലാസിനിമ പോലെ അല്ല,ഒരു സിനിമാതാരത്തിനെറ ജീവിതത്തിൽ നടക്കുന്ന പ്രശ്നങ്ങളാണ് എന്തെന്നു വച്ചാൽ ലൈസൻസിനു വേണ്ടി ഉള്ള കുഴപ്പമാണ്. പൃഥ്വിരാജ് ഈ സിനിമയിൽ നടനാണ്. പൃഥ്വിരാജിന് സിനിമ ലൊക്കേഷന്റെ ആവശ്യത്തിനായി ലൈസൻസ് വേണമായിരുന്നു. പക്ഷേ പൃഥ്വിരാജിന്റെ കൈയിൽ നിന്നും ലൈസൻസ് നഷ്ടമായിരുന്നു. ഈ സിനിമയിൽ നടൻ സുരാജ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറായി വരുന്നുണ്ട്.

ഷൂട്ടിംഗ് കഴിയാൻ ദിവസങ്ങൾ ബാക്കിനിൽക്കെ ആണ് പ്രശ്നം പൃഥ്വിരാജിനെ തേടിയെത്തുന്നത് . നടന്മാർക്ക് എല്ലാകാലത്തും പൈസ കൊടുത്താൽ എന്ത് കിട്ടുമെന്നുള്ള ഒരു ഭാഗ്യം ഉണ്ട് . ഈ കഥയിൽ സുരാജ് പൃഥ്വിരാജിന്റെ ഒരു ആരാധകനാണ്.പൃഥ്വിരാജിന്റെ സുഹൃത്ത് ലയസൻസ് ആവശ്യത്തിനായി സുരാജിന്റെ ഓഫീസിൽ പോയി. ഇത് കേട്ട സുരാജിന് എന്തെന്നില്ലാത്ത സന്തോഷം തോന്നി. ലൈസൻസിന് പകരമായി ഓഫീസിൽ വരണം എന്ന് സുരാജ് പറഞ്ഞു. ഇത് കേട്ട് പൃഥ്വിരാജിന് പോകാൻ അല്ലാതെ വേറെ മാർഗം ഇല്ലായിരുന്നു . അങ്ങനെ ശ്രദ്ധ പോകുന്നവിവരം ആരോ മീഡിയയ്ക്ക് ചോർത്തിക്കൊടുത്തു. നമുക്കെല്ലാവറ്ക്കും അറിയാം മീഡിയയെ അറിയാം ,അവറ്ക്ക് ചെറിയത് കിട്ടിയാൽ മതി. അങ്ങനെ മീഡിയക്കാർ  അത് വലിയ കുഴപ്പമാക്കി മാറ്റി . ഇതാണ് കഥയുടെ അവസാനം വരെയുള്ളത്.

ഈ സിനിമയിൽ പൃഥ്വിരാജിന്റെ ഇഷ്ടനവിനോദം അഭിനയവും കാറോടിക്കുകയുമായിരുന്നു. മീഡിയക്കാരെ കണ്ട പൃഥ്വിരാജ് സുരാജിനോട് പ്രതികരിച്ചു.ഇത് കേട്ട സുരാജിന് സംകടമായി . അങ്ങനെ പൃഥ്വിരാജും സുരാജും ശത്രക്കളായി . പൃഥ്വിരാജിന് സുരാജിന്റെ അടുത്തല്ലാതെ ലൈസൻസ് എടുക്കാൻ പോകൽ കഷ്ടമായിരുന്നു.അങ്ങനെ ലൈസൻസ് എടുക്കേണ്ട എന്ന വച്ചു. ഇതോടെ സംഭവം ബഹുലമായി മാറി .ലൈസൻസ്  എടുക്കാൻ അല്ലാതെ മാർഗമില്ലായിരുന്നു ഇല്ലായിരുന്നു. അതിനിടയിൽ  പൃഥ്വിരാജിന്റെ ഭാര്യയ്ക്ക് ഒരസുഖമുണ്ടായി. അസുഖം മാറ്റനായി വിദേശത്തേക്ക് പോകേണ്ട  അവസ്ഥയായി പക്ഷെ പൃഥ്വിരാജിന് പോകാൻ കഴിയുമായിരുന്നില്ല.അങ്ങനെ പൃഥ്വിരാജ് ലൈസൻസ് എടുക്കാൻ തീരുമാനിച്ചു.

അങ്ങനെ ലൈസൻസ് എടുക്കേണ്ട ദിവസം വന്നു. പൃഥ്വിരാജും സുരാജും കുറേ ദിവസം ഉറക്കം ഒഴിഞ്ഞിരുന്നു പഠിച്ചു. അങ്ങനെ ചോദ്യങ്ങളിൽ പൃഥ്വിരാജ് ശരിയായ ഉത്തരങ്ങൾ നൽകി . വണ്ടി  ഓടിക്കാൻ സമയമായപ്പോൾ സുരാജ് പല കാരണങ്ങളാലും പൃഥ്വിരാജിനെ തോൽപ്പിക്കാൻ നോക്കി. അന്ന് പൃഥ്വിരാജിന് ഭാര്യയുടെ അസുഖത്തെതുടർന്ന് ലണ്ടനിൽ പോകണമായിരുന്നു. പൃഥ്വിരാജ് ലൈസൻസ് എടുക്കാതെ തന്റെ ആരാധകർക്ക് സംകടമാകും വിധം പ്രസംകിച്ച് പോകാൻ ഒരുങ്ങുകയായിരുന്നു. അപ്പോഴേക്കും പൃഥ്വിരാജിന്റെ ആരാധകർ സുരാജിനെ അടിച്ചിടാൻ തുടങ്ങി. ഇത് കണ്ട പൃഥ്വിരാജ് സഹതാപം തോന്നി സുരാജിനെയും കുടുംബത്തെയും വീട്ടിലേക്ക് കൂട്ടി. അങ്ങനെ അവസാനം ഒരു നിമിത്തം പോലെ  പൃഥ്വിരാജിന് കളഞ്ഞുപോയ ലൈസൻസ് സലീം കുമാർ കൊണ്ട് കൊടുത്തു. അതൊടെ പ്രശ്നങ്ങളെല്ലാം കഴിഞ്ഞ് സിനിമകഴിഞ്ഞു. എനിക്ക് ഈ

സിനിമ വളരെ ഇഷ്ടപ്പെട്ടു. ഒരു പ്രത്യേകതരം കഥയാണ് ഈ സിനിമയിലുള്ളത്. നടന്മാരുടെ ജീവിതത്തിലും ബുദ്ധിമുട്ടുകൾ ഏറെ ഉണ്ടെന്നും അവരും നമ്മെ പോലതന്നെ സാധാരണ മനുഷ്യനാണെന്നും ഈ സിനിമ കാണിച്ചുതരുന്നു.



Fathimath Fida
VIII C

# ഒരു സങ്കീർത്തനം പോലെ

അന്ന് ജീവിതത്തിൽ ആദ്യമായി ദസ്തയേവ്സ്കിയെ കണ്ടുമുട്ടുന്ന നിമിഷം മുതൽ ഒടുവിൽ അന്യോന്യം ജീവിതം പങ്കുവെക്കാൻ തീരുമാനിക്കുന്ന നാടകീയന  നാടകീയ മുഹൂർത്തംവരെയുള്ള കാലമാണ് ഒരു സങ്കീർത്തനം പോലെയിൽ അവതരിപ്പിക്കുന്നത്. പീഡാനുഭവങ്ങളിലൂടെ വിശുദ്ധീകരിക്കുന്നത്. മനുഷ്യാത്മാവിന് ദസ്തയേവ്സ്കിയുടെ ജീവിതത്തിലൂടെ നോവലിസ്റ്റ് വരച്ചുകാട്ടുന്നു. ബൈബിൾ ഭാഷയുടെ കാവ്യാത്മകഥയെ സ്വാംശീകരിച്ചുകൊണ്ടുള്ള ആഖ്യാനശൈലിയാണ് അതിന് കരുത്തേകുന്നത്. ഹൃദയത്തിന് മേൽ ദൈവത്തിന്റെ കൈയൊപ്പുള്ള ആളെന്നാണ് ദസ്തയേവ്സ്കിയെ കുറിച്ച് നോവലിലുടനീളം കഥാകാരൻ അന്നയുടെതന്നെ വിചാരം പോലെ വായനക്കാരെയും ഓർമപ്പെടടുത്തുന്നത്.

ദസ്തയേവ്സ്കിയുടെ ചൂതാട്ടക്കാരൻ എന്ന നോവൽ പകർത്തിയെഴുതാൻ അന്ന ഉപജീവനത്തിനായി സ്റ്റനോയുടെ ജോലിയേറ്റെടുക്കാൻ എത്തുന്നു.  ഹൃദയത്തിന് തീപിടിച്ച പോലെയുള്ള ഒരാളുടെകൂടെ ജോലിചെയ്യുക പ്രയാസമാണെന്നാണ് അവരുടെ ആദ്യാനുഭവം. ജീവിതത്തിൽ ചൂതാട്ടവും സ്വയം പുകഴ്ത്തലുകളുമായി ഒറ്റപ്പെട്ടുപോയ ദസ്തയേവ്സ്കിക്ക്  ജീവിതവഴിയാൽ അന്നയെന്ന പെണ്കുട്ടിയെ കിട്ടിയത് ഏതാണ്ടൊരു സ്വന്തനമാണ്. അവസാനം അവർ പ്രണയത്തിലേക്ക് കടക്കുകയാണ്.



MALAVIKA SANTHOSH
VIII F

# പൊതുവിജ്ഞാനം

# GENERAL KNOWLEDGE

1.മലബാര് മാന്വല് ആരുടെ കൃതിയാണ്?
വില്യം ലോഗന്
2.കൗടില്യന്റെ മറ്റൊരു പേര്?
ചാണക്യന്
3.മനുഷ്യശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥി?
കരള്
4.LOC എന്നാല് എന്ത്?
Line of control
5.സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ ഗവര്ണര് ജനറല് ആരാണ്?
ലൂയി മൗണ്ട് ബാറ്റണ്
6. ക്വിറ്റ് ഇന്ത്യ സമരം നടന്ന വര്ഷം?
1942
7.മാപ്പിള ലഹള നടന്ന വര്ഷം
1921
8. അതിര്ത്തി ഗാന്ധി ആരാണ്?
ഖാന് അബ്ദുള് ഗാഫര് ഖാന്
9.കേരളത്തില് ആകെ എത്ര മുന്സിപ്പാലിറ്റികള് ഉണ്ട്?
87
10.ഇപ്പോളത്തെ റിസര്വ് ബാങ്ക് ഗവര്ണര്?
ശക്തിക്കാന്ത ദാസ്
11.കേരള  ഗവര്ണര് ആരാണ്?
ആരിഫ് മുഹമ്മദ് ഖാന്
12. ജ്ഞാനപാന എഴുതിയതാര്?
പൂന്താനം
13.ഗാന്ധിജിയുടെ രാഷ്ട്രീയ ഗുരു?
ഗോപാല ക്രഷ്ണ ഗോഖലെ
14.ഗാന്ധിജി സബര്മതി ആശ്രമം സ്ഥാപിച്ച വര്ഷം?
1917
15.കേരള ഗാന്ധി?
കെ.കേളപ്പന്
16.മഗ്ദലമറിയം ആരുടെ കൃതിയാണ്?
വള്ളത്തോള് നാരായണമേനോന്
17.ലോക ന്യൂക്ലിയര് ടെസ്റ്റ് വിരുദ്ധ ദിനം എന്നാണ്?
ആഗസ്റ്റ് 29
18.2018 ലെ ദാദാ സാഹബ് ഫാല്ക്കെ അവാർഡ് നേടിയതാര്?
അമിതാഭ് ബച്ചന്
19.ക്ലിങ് ലിയര് എന്ന നാടകം ആരുടേത്?
വില്യം ഷേക്സ്പിയര്
20.ലോകത്തിലെ ഏറ്റവും നീളം കൂടിയ നദി?
നൈല്
21.ചന്ദ്രഗിരി പുഴ ഏത് ജില്ലയിലാണ്?
കാസര്ക്കോട്
22.കാവേരി ഉത്ഭവിക്കുന്ന സ്ഥലം?
കർണാടകം
23.കേരള ഹൈക്കോടതി എവിടെയാണ്?

കൊച്ചി
24.ഇന്ത്യയിലെ ഏറ്റവും പുരാതനമായ യൂണിവേഴ്സിറ്റി?
നളന്ദ,തക്ഷശില
25.മൗണ്ട് അബു ഏത് സംസ്ഥാനത്തിലാണ്?
രാജസ്ഥാൻ



ANAMIKA PONNU
X A

# പൂജ്യം

ശൂന്യം എന്നതിനെ സൂചിപ്പിക്കാന് ഉപയോഗിക്കുന്ന ഒരു എണ്ണല് സംഖ്യമാണ് പൂജ്യം. -1 നും 1 നും ഇടയിലുള്ള ഒരു പൂര്ണ്ണസംഖ്യമാണിത്. വൃത്താകൃതിയിലോ, അണ്ഡാകൃതിയിലോ, വൃത്താകാരത്തിലുള്ള ദീര്ഘചതുരമോയോ സാധാരണയായി പൂജ്യം സൂചിപ്പിക്കുന്നു.

പൂജ്യം കൊണ്ടുള്ള ചില ക്രിയകള്:

1.ഒരു സംഖ്യയോടൊപ്പം പൂജ്യം കൂട്ടിയാലോ ഒരു സംഖ്യയില് നിന്ന് പൂജ്യം കുറച്ചാലോ അതിന്റെ വിലയ്ക്ക് മാറ്റം വരുന്നില്ല.

ഉദാ: 12+0=12
23-0=23

യഥാര്ത്ഥില് പൂജ്യം ഇവിടെ നിഷ്ക്രിയമാണ്. തന്നിരിക്കുന്ന സംഖ്യക്ക് യാതൊരു ഉപദ്രവവും ഉണ്ടാക്കുന്നില്ല.

2. ഒരു സംഖ്യയെ പൂജ്യം കൊണ്ട് ഗുണിച്ചാല് പൂജ്യമായിരിക്കും.

ഉദാ:235*0=0

ഇവിടെ പൂജ്യംകൊണ്ട് ഗുണിക്കേണ്ട സംഖ്യകളുടെ അന്തകനായി മാറുന്നു.

3.പൂജ്യത്തെ ഏത് സംഖ്യകൊണ്ട് ഹരിച്ചാലും ഉത്തരം പൂജ്യം തന്നെ ആയിരിക്കും.

ഉദാ:0/5=0

4.എന്നാല് ഒരു സംഖ്യയെ പൂജ്യം കൊണ്ട് ഹരിച്ചാല് ഹരണഫലം എത്രയായിരിക്കുമെന്ന് ഇതുവരെ (AD 2019) നിര്വചിക്കപ്പെട്ടിട്ടില്ല.

ഉദാ:45/0=infinity

5. പൂജ്യം ഉള്പ്പെട്ട ഗുണന ക്രിയകള് വളരെ എളുപ്പമാണ്. ഗുണനഫലത്തില് 0 ചേർക്കുകയേ വേണ്ടു.

ഉദാ:453*10=4530
453*100=45300

6.രണ്ട് സംഖ്യകളിലും പൂജ്യം ഉണ്ടെങ്കില് ഗുണം ഇങ്ങനെ:

ഉദാ:430*100=43000

7.എന്നാല് 43*30 ചെയ്യുന്നത് ഇങ്ങനെ :

43*3=129

129 ന്റെ കുടെ ഒരു പൂജ്യം ചേര്ക്കുക

ഉത്തരം 1290

രണ്ട് പൂജ്യങ്ങള് ഉണ്ടെങ്കില് പൂജ്യത്തിനനുസരിച്ച് ഉത്തരത്തിലും ചേര്ക്കുക.

8. ഇരു സംഖ്യകളിലും 0 ഉള്പ്പെട്ടാല് ഹരണം,

ഉദാ:1200/400
12*100=1200 4*100=400
12/4 എന്ന് ലഘൂകരിക്കാം.
ഉത്തരം 3 കിട്ടും.

9.14/1000=?

ഇവിടെ അംശത്തിന് പൂജ്യങ്ങളില്ല. ഛേദത്തില് 3 പൂജ്യങ്ങള് ഉണ്ട്. ഒരു പൂജ്യത്തിന് ഒരു ദശാംശം എന്ന കണക്കിന് ഇടത്തോട്ട് മൂന്ന് ദശാംശസ്ഥാനം മാറി കുത്തിടുക. ഇവിടെ അംശത്തില് 2 സംഖ്യകള് മാത്രം ഉള്ളതിനാല് ഒരു പൂജ്യം കൂടി ഇടതുവശത്ത് ഇടുക.

14/1000=0.014

ദശാംശസംഖ്യകള് എഴുത്തുമ്പോള് പൂർണ്ണസംഖ്യകളുടെ ഭാഗത്ത് സംഖ്യകളൊന്നും ഇല്ലെങ്കില് അത് സൂചിപ്പിക്കാനും 0 ഉപയോയിക്കുന്നു.

10. കൃത്യങ്കം പൂജ്യം

0 ഒഴികേയുള്ള ഏത് സംഖ്യയുടേയും കൃത്യങ്കം പൂജ്യമായി വന്നാല് അതിന്റെ വില 1 ആയിരിക്കും

ഉദാ:25 σ=1
100 σ=1
X σ=1

പക്ഷെ ,0 0=I അല്ല.

NANDANA DINESHAN
X A

# ചിത്രവീഥി



LITTLE KITES CLUB 2018-19



FINE ARTS CLUB



NCC UNIT



YOGA DAY CELEBRATION



PICTURE GALLARY



CLUBS INAUGURATION



A CLASS ON FILM TECHNOLOGY




POOKKALAM



DIGITAL POOKKALAM



NALLAPADAM CLUB



LITTLE KITES VIDEO CONFERENCE CLASS



KALOLSAVAM 2019



FLASH MOB



PAPPINISSERI SUB-DIST KALOLSAVAM



KALOLSAVAM INAUGURATION



LITTLE KITE CAMP



VISITING OLD-AGE HOME




CIVIL SERVICE FOUNDATION CLASS





GEOMETRICAL CLASS





TO WEAR HELMET AND SAVE YOUR LIFE





QR CODE AWARENESS CLASS









**ജെ ആർ സി പ്രവർത്തനങ്ങളിലൂടെ**